Registered No. M-4485 Madras War Review, Malayalam—13-4-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ഏപ്രിൽ 13-ാംനു, വെള്ളിയാഴ്ച [ലക്കം 31



## ഡബ്ലിയ. എ. സി. (ഐ). യ്ക്ക് അഭിനന്ദനങ്ങൾ

ചരിത്രത്തിൽ ആദ്യമായി ജാതിമതവർണ്ണഭേദങ്ങളൊന്നും ഗണിക്കാതെ, പുരുഷന്മാരോടൊന്നിച്ചു തന്നെ സൈനികജീവിതം കൈവരിക്കുന്നതിന്നു ഇന്ത്യൻ സ്ത്രീകളെ ക്ഷണിക്കുകയുണ്ടായി.

ആ ആഹ്വാനം എത്രമേൽ വിജയപ്രദമായിരുന്നുവെന്നു ഞാൻ ഊന്നിപ്പറയേണ്ടതില്ലല്ലോ. ഈ കോർ രൂപീകരിക്കുന്നതിൽ മദ്രാസ് ഒരു ഗണ്യമായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. ഇന്നു ഒട്ടാകെ ഈ വിഭാഗത്തിലുള്ള മദ്രാസി വനിതകളുടെ സംഖ്യ കണിശമായി പറയാൻ എനിക്കു നിവൃത്തിയില്ല.

നിങ്ങൾ മൂന്നു വർഷത്തോളം പരിചയവും പരിശീലനവും സിദ്ധിച്ചവരും, ഇന്ത്യൻ സൈനിക ശക്തികളിലെ ഒരു പ്രധാന വിഭാഗവുമാണ്.

നാമിന്നു് യുദ്ധത്തിന്റെ അവസാനരംഗങ്ങളിലാണ്. പുരുഷന്മാർ വളരെയധികം സൈനിക ജീവിതം കൈവരിച്ചിരിക്കുന്നു. നേവി, സേന, വിമാന സേന ഇവയിൽ നിങ്ങളെ അടിയന്തര മായി ആവശ്യമുണ്ടു്.

—മേജർ ജനറൽ ഡി. എ. എൽ. വേഡ്, ഏരിയ കമാണ്ടർ, 1945 ഏപ്രിൽ 9-ാംനു ഡബ്ല്യു. ആർ. ഐ. എൻ. എസിന്റേയും ഡബ്ല്യു. എ. സി. (ഐ) യുടേയും മൂന്നാം വാർഷികത്തെ പുരസ്കരിച്ചുണ്ടായ പരേഡിൽ ചെയ്ത പ്രസംഗം

# ഇന്ത്യ

## ബ്രി. രാഷ്ട്ര സമുച്ചയത്തിലെ ഒരു സമപങ്കാളിയാണ്

ഞങ്ങൾ സാൻ ഫ്രാൻസിസ്കോവിലേക്കു പോകുന്നതു് ഇന്ത്യയെ പ്രതിനിധീകരിക്കുന്നതിന്നാണ് ഹിസ് മാജസ്റ്റീസ് ഗവമ്മേണ്ടിനെ അല്ല; ഇന്ത്യയെയാണ് ഞങ്ങൾ പ്രതിനിധീകരിക്കുന്നതു്. ഈ യോഗംഃൾക്കു ഹിസ് മാജസ്റ്റീസ് ഗവമ്മേണ്ടു ഞങ്ങൾക്കു യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. ഞങ്ങൾക്കു നിർദ്ദേശങ്ങൾ നല്കീയിട്ടുള്ളതു് ഞങ്ങളുടെ ഗവമ്മേണ്ടാണ്—11 ഇന്ത്യക്കാരും 4 ഇംഗ്ലീഷുകാരും അടങ്ങിയിട്ടുള്ള ഇന്ത്യാ ഗവമ്മേണ്ടു്. ഇന്ത്യയേയും ഗ്രേറ്റ് ബ്രിട്ടനേയും സംബന്ധിച്ച പ്രശ്നങ്ങളെപ്പററി പര്യാലോചിക്കുമ്പോൾ, ഈ ഇംഗ്ലീഷുകാർ, ഗവമ്മേണ്ടിലെ ഇന്ത്യൻ മെമ്പറെപ്പോലെത്തന്നെയാണ് പെരുമാറുന്നതു്.

ഇന്ത്യ, ഒരു ഡൊമിനിയനാണെന്നു കടലാസിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രായോഗികമായി ഇന്ത്യ ഇന്നു ഡൊമിനിയൻ പദവിയിലേക്കു ഉയൎന്നിട്ടുണ്ടെന്നതു് ഹിസ് മാജസ്റ്റീസ് ഗവമ്മേണ്ടിന്നുതന്നെ അറിഞ്ഞുകൂടാ.

ഇന്ത്യ ഈ യുദ്ധത്തിൽ നിൎവ്വഹിച്ച പങ്ക് അഭിമാനകരമായ ഒന്നത്രേ. ഇററലിയിൽനിന്നു ജൎമ്മൻകാരെ തുരത്തുന്നതിൽ ഞങ്ങൾ പങ്കെടുത്തിട്ടുണ്ടു്. ബൎമ്മയിൽ നിന്നു ജാപ്പുകളെ ആട്ടിപ്പായിക്കുന്നതിലും ഞങ്ങൾ ഒരു സാരമായ പങ്ക് നിൎവ്വഹിച്ചുവരുന്നു.

പൌരന്മാരുടെ യുദ്ധസംരംഭം, അനുഭാവം, അഥവാ സഖ്യശക്തികളുടെ നേട്ടങ്ങൾ അല്ലെങ്കിൽ യുദ്ധത്തിൽ ചെയ്യു ത്യാഗങ്ങൾ, ഇങ്ങിനെ ഈ ഏതൊരു വീക്ഷണകോണത്തിലൂടെ നോക്കിയാലും, ഇന്ത്യ മററുള്ള ബ്രിട്ടീഷ് രാഷ്ട്ര സമുച്ചയത്തിലെ അംഗങ്ങളൊടൊപ്പം സാഭിമാനം തോളോടുതോൾ ചേർന്നു നിൽക്കുന്നു. തങ്ങളുടെ രാജ്യത്തിൻേറയും ഗവമ്മേണ്ടിൻേറയും താല്പൎയ്യത്തിന്നു അനുയോജ്യമായ എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യത്തോടെ, ഒരു പരമാധികാര രാഷ്ട്രമെന്ന നിലയിലാണ് ഞങ്ങൾ സാൻ ഫ്രാൻസിസ്കോവിലേയ്ക്കു പോകുന്നതു്.

—1945 ഏപ്രിൽ 5-ാംനു- കോമൺവെൽത്ത് സമ്മേളനത്തിൽ സർ ഫിറോസ് ഖാൻ നൂൺ ചെയ്യു ഒരു പ്രസംഗത്തിൽ.

---

നാളത്തെ ലോകത്തിൽ ജീവിക്കുന്നതിന്നു്

നമുക്കിന്നുതന്നെ പരിശീലിക്കണം.

# നമുക്കും ജീവിക്കണം

(കെ. സി. കെ. പണിക്കർ.)

ശോഭനവും ഭാവുകപ്രദവുമായ പ്രകൃതിയിൽ കൂടി പ്രയാണം ചെയ്യേണമെന്നുണ്ടെങ്കിൽ, ഏതൊരു മനുഷ്യനും ജീവിതത്തിൽ പ്രധാനമായ പല രംഗങ്ങളേയും തരണം ചെയ്യേണ്ടതായുണ്ടു്. അതിൽ പ്രധാനമായ ഒന്നാണ് എങ്ങിനെ ജീവിക്കും എന്ന പ്രശ്നം. എല്ലാവരും അവരവരുടെ ജീവിതത്തെ നിലനിൎത്തുവാൻ അത്യുത്സുകരായി നാം കാണപ്പെടുന്നുണ്ടു്. എന്നാൽ തത്താദൃശമായ ഒരു ജീവിതരീതിക്കുള്ള പരിതസ്ഥിതികൾ അപൂൎവ്വമായി കാണപ്പെടുന്നു.

ക്ഷണികമായ ജീവിതം; അവസാനമില്ലാത്ത വിദ്യ; മറിഞ്ഞു-മറിഞ്ഞു നില്ക്കുന്ന സന്ദർഭം; അവിചാരിതമായ പരിചയങ്ങൾ; വിഷമകരമായ തീരുമാനങ്ങൾ—നോക്കൂ! ജീവിതം നിസ്സാരമല്ല.

സൌഖ്യജീവിതവും അതിലെ വിജയങ്ങളും ഒരുകാലത്തും നമ്മളുടെ പരിതസ്ഥിതിക്കനുകൂലിച്ചതായി എന്നു വരില്ല. എന്നാൽ അതു തന്നത്താനെ ഉണ്ടാക്കേണ്ടതാണ്. മറെറാരു ശക്തിക്കും തകൎക്കുവാൻ സാധിക്കാത്തവിധത്തിൽ മനുഷ്യന്നു് ഒന്നിനെ സൃഷ്ടിക്കുവാൻ സാധിക്കും. ഭൂകമ്പങ്ങൾകൊണ്ടും കൊടുങ്കാററുകൾകൊണ്ടും പിളൎക്കുവാൻ സാധിക്കാത്ത നിരവധി നഗരങ്ങൾ—പട്ടണങ്ങൾ—മണിമന്ദിരങ്ങൾ! മനുഷ്യൻേറ കലയുടെ വൈചിത്ര്യമെന്നതു്; ഇവിവിടെ സുത്ത്വ്യമാണ്.

മനുഷ്യനേയും പരിമിതമായ പ്രവൃത്തിസമയത്തേയും ആസ്പദിച്ചാണ് അതിൻേറ നിലനില്പ്. ചിന്തയുടെ ഫലമായിരിക്കും ഏതൊരു കാൎയ്യവും. ഹൃദയത്തിൽനിന്നു ഉദിച്ചുയരുന്ന ദുഃഖപൎയ്യവസായിയായ ചിന്ത, മനുഷ്യൻേറ ഏററവും വലിയ ശത്രുവാണ്. ശത്രുവെ സ്വതവെ നാം ഉണ്ടാക്കിത്തീൎക്കുന്നില്ല. എന്നാൽ ശത്രുവിന്നു വിഹരിക്കുവാൻ സ്വാതന്ത്ര്യം കൊടുക്കുന്നു എന്നുള്ളതാണ്. അതിനെ നിരൎത്ഥമായ് നാം പ്രയോജനപ്പെടുത്തുന്നവക്കും, കഷ്ടപ്പെടുക എന്നതിന്നു് രണ്ടുപക്ഷമില്ല. ആരേയും കുററപ്പെടുത്തുവാനുമില്ല. അവശേഷിച്ച വിഷമങ്ങൾക്കായ്, അധികസമയവും വിനിയോഗിക്കുക. വിവിധകാൎയ്യങ്ങളിൽ യൌവ്വനത്തിൻേറ തള്ളിച്ചയിൽ, ചെയ്യു പ്രവൃത്തിയുടെ ഫലമാണ് വാൎദ്ധക്യത്തിൽ നാമനുഭവിക്കുന്നതു്. ചിന്തിക്കുകയാണ്—വീണ്ടും എന്തെല്ലാം കഴിഞ്ഞു—എന്തെല്ലാമാണ് ചെയ്യുന്നു്? ഒരു ശവോകു വൃക്ഷത്തെപ്പോലെയൌവ്വനയുക്തനായ മനുഷ്യൻ—ജീവിക്കട്ടെ ആ വെളിച്ചത്തിൽ—സുഖത്തിൽ—ശേഷം തള്ളിയലക്കുന്ന ദിനരാത്രങ്ങൾ—വസന്ത ഗ്രീഷ്മങ്ങൾ—വൎഷങ്ങൾ—വന്നുകൊണ്ടേയിരിക്കും. മനുഷ്യൻ ബുദ്ധിപൂൎവ്വകമല്ലെങ്കിലും തന്നത്താനെ സ്നേഹിക്കുന്നു. സ്വവെളിച്ചത്തിലെത്തിച്ചേരുമ്പോൾ കരിനിഴലിനെ സൃഷ്ടിക്കുന്നു.

ജീവിതത്തിൽ സംഭവജന്യമാണ്. വിഷമങ്ങൾ സ്വാൎത്ഥപരനാവുക—എളുപ്പത്തിൽ മുന്നോട്ടു ചലിക്കുക. അവനവനെപ്പററി വളരെയധികമായാലോചിക്കുക, മററുള്ളവരെപ്പററി ചുരുങ്ങിയ ചിന്ത, അമിതഭോഗം, അമിതഭക്ഷണം, മദ്യപാനം, ഇരുളിൽ ജീവിക്കുക, വ്യായാമങ്ങളിൽനിന്നു് വ്യതിരിക്തനാവുക—എന്നാൽ നിസ്സംശയം വിഷമിതനായി. [ഇതിൽനിന്നു തന്നെ നമ്മൾക്കു മനസ്സിലായി എങ്ങിനെ ജീവിതത്തെ സുഖസമ്പൂൎണ്ണമാക്കുകയെന്നതു്.[

സുഖിയായിരിക്കുന്ന ഒരാളെ സുഖി എന്നു പറഞ്ഞുകൂടാ. ഭൂരിപക്ഷ ജനങ്ങളും ഇന്നനുഭവിക്കുന്ന സുഖത്തേക്കാൾ ഒരു വലിയ ഭാഗത്തെ ദൂരത്തു തള്ളിനിൽക്കുന്നുണ്ടു്. കാരണം ജീവിതം, ജീവിക്കൽ ഇതുകളിലുള്ള അല്പജ്ഞതയാണ്.

ചിലർ എന്തൊന്നു്, ഇഷ്ടപ്പെടുന്നുവോ അതു അറിഞ്ഞുംകൊണ്ടു് കൈക്കലാക്കാതെ, സമയത്തെ വെറുതെ ചിലവഴിക്കുന്നു. തിരസ്കരിക്കേണ്ടതിനെ മനസ്സിലാക്കാതെ, അല്ലെങ്കിൽ, മനഃസ്സിലായിട്ടും ദൂരത്തു തള്ളിനില്ക്കാതെ അവർക്കറിയാത്തതിനെ ചെന്നടുക്കുന്നു.

നിസ്സാരമെങ്കിലും ചില കാൎയ്യങ്ങൾ ചെയ്യേണ്ടതു് അവശ്യം ആവശ്യമാണ്. ഒരു ചെറിയ ചക്രം, എന്തിന്നു് ഒരു സ്ക്രൂ കേടുവന്നു പോകട്ടെ, ഒരു വലിയ യന്ത്രശാല മുഴവൻ നിന്നുപോകുന്നു, തൽഫലമായി എത്രയോ ആദായം വരുന്ന നിരവധി വസ്തുക്കളുടെ ഉല്പാദനം ഇല്ലാതായ് ത്തീരുന്നു. നമ്മൾ ഓരോരുത്തരും ചെയ്യുന്ന തെററുകൾ ലോകം ഒന്നൊന്നായ് അനുഭവിക്കും.

പ്രകൃതിയുടെ നിയമങ്ങൾ അജയ്യങ്ങളല്ല; മനുഷ്യൻേറ കഴിവുകൾ അഭിവൃദ്ധിപ്പെട്ടുവരുന്നു. നാമാണ് നമ്മുടെ രക്ഷാകൎത്താക്കൾ.

പരമാൎത്ഥത്തിൽ, മനുഷ്യൻ വിഷമതകളെ വിളിച്ചുകൊണ്ടുവരികയാണ്. അതു അവരുടെ പ്രവൃത്തികൊണ്ടുതന്നെയാണ്. എന്തു് പ്രവൃത്തിക്കണമെന്നുണ്ടോ അതിന്നു ശ്രമിക്കൂ—പ്രവൃത്തിക്കു. തെററുതന്നെയായിരിക്കട്ടെ അതു കണ്ണുതുറന്നായിരിക്കണമെന്നുമാത്രം. അല്ലാതെ തെററു പ്രവൃത്തിക്കുക കണ്ണടയ്ക്കുക അതു ബുദ്ധിശൂന്യതയാണ്.

ചിന്തയുടേയും പ്രവൃത്തിയുടെയും സ്ഥിതിയനുസരിച്ചിരിക്കും ഫലം. അതിനാൽ ഏതൊരു വിഷയവും ചൎച്ച് ചെയ്യണം.

പിതൃമാതൃജനങ്ങളുടെയും, സ്നേഹിതന്മാരുടെയും, വിദ്യാഭ്യാസത്തിൻേറയും സ്ഥിതി അനുസരിച്ചിരിക്കും നമ്മളുടെ ജീവിതരീതിയും.

ഒരാൾ ഒന്നു പഠിപ്പിക്കുന്നതു് മറെറാരാളിൽനിന്നു് പഠിച്ചതിനെയാണ്. കേവലം വിദ്യാലയാഭ്യസനത്താൽ വിദ്യ പൂൎത്തിയാവുന്നില്ല. അതു വിദ്യാഭ്യാസത്തിന്നുള്ള ആരംഭം മാത്രമാണ്. ജീവാവസാനം വരയ്ക്കും തുടർന്നുകൊണ്ടു് ഉപരിയായി വികസിക്കുന്നതാണ് വിദ്യാഭ്യസനം.

മാനസികമായും കായികമായും ഒരാൾ കുറച്ചു കഷ്ടപ്പെട്ട് പരകീയ ഗുണത്തിന്നായടുക്കട്ടെ, തീൎച്ചയായും അവസാനത്തിൽ സുഖിക്കുവാൻ സാധിക്കും. മനുഷ്യൻേറ ഭാഗ്യയോഗ്യതകൾക്കു് അവൻ തന്നെയാണ് ഭാഗഭാക്കായ് തീരുന്നതു്.

മററുള്ളവൎക്കും നമുക്കുംവേണ്ടി നമ്മൾ നമ്മളെ ത്തന്നെ സംസ്കരിക്കുക. ചുററുപാടുമുള്ള സ്ഥിതിഗതികളെ അനുസരിച്ചുള്ള ഒരവസ്ഥയാണ് സൌഖ്യം. ഇതാണ് ജീവിതത്തിൻേറ പരമ രഹസ്യം—എന്തൊന്നു് നമ്മൾക്കു് അഭിമുഖമായ് ഭവിക്കുന്നുവോ, അതിനെ നിയമിതമാക്കി നിയമനം ചെയ്യുക. കഷ്ടതകളോടു് സധീരം മാറു കാണിക്കു. നല്ലതിന്നു വേണ്ടി പൊരുതുക. നിങ്ങളുടെ ആദൎശങ്ങളിൽ നിൽക്കു. സുഖജീവിതത്തെ മനോരാജ്യത്തിലല്ലാതെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ശ്രമിക്കൂ.

ഉറച്ചതും ശരിയായതുമായ മാൎഗ്ഗത്തിൽക്കൂടി യാത്ര ചെയ്യൂ. ചിലർ വിചാരിക്കുന്നുണ്ടു് അവർ സുഖിക്കുന്നുവെന്നു്. എന്നാൽ അതിൽനിന്നു യാതൊരു ഉപയോഗവും ലോകത്തിന്നു് ഉണ്ടാകുന്നില്ല.

ലോകം ഒരു കണ്ണാടിപോലെയാണ്. ചിരിക്കു—ലോകവും ചിരിക്കും. ഒരു ചുകന്ന ചില്ലിൽക്കൂടി നോക്കൂ—ചുകപ്പും ഇളംചുവപ്പുമായ് രൂപാന്തരപ്പെടും. പുകപിടിച്ച ചില്ലിൽക്കൂടി നോക്കൂ—ഇരുളടഞ്ഞും ശൂന്യമായും ഇരിക്കും. അതിനാൽ ഏതൊരു കാൎയ്യത്തേയും നല്ല മാൎഗ്ഗത്തിൽക്കൂടെ വീക്ഷിക്കൂ.

എന്നാൽ ഭാസുരമായ പ്രകൃതിയിൽക്കൂടി പ്രയാണം ചെയ്യാം.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ഏപ്രിൽ 13-ാംനു, വെള്ളിയാഴ്ച


## സന്ദർഭോചിതമായ ആ സവിശേഷപ്രഖ്യാപനം

ജപ്പാനുമായുള്ള നിഷ്പക്ഷതാസന്ധി മോസ്കോ പിച്ചിച്ചീന്തിയെറിഞ്ഞു. പരസഹസ്രം ജനതകളുടെ ചോര പുരണ്ട ആ ആക്രമികളുടെ സന്ധി മ്ലേച്ഛമായ ഒന്നാണു്. അതു് ക്രെംലിനുള്ളിലെ ഭരണാധികാരികൾക്കറിയാം. അവർ ആ രക്തം പുരണ്ട ഭരണകൂടവുമായി യാതൊരു ബന്ധവും വേണ്ടെന്നുവെച്ചു. ഈ ലോകവ്യാപകമായ സമരത്തിന്റെ കാരണം വെറും സൈനികം മാത്രമല്ല. ഈ യുദ്ധത്തിൽ അന്തർഭവിച്ചു കിടക്കുന്ന വിഷയങ്ങൾ അഗാധമാണു്. തത്വശാസ്ത്രം, ആശയസമുച്ചയം, രാഷ്ട്രീയകാര്യങ്ങൾ, സാമ്പത്തിക വ്യവസ്ഥകൾ, എല്ലാവിധ സാമൂഹ്യബന്ധങ്ങൾ, ഇവയെ മുഴുവനും സമഗ്രമായും സാരമായും സ്പർശിക്കുന്ന ഒന്നാണു് ഇന്നത്തെ സമരം.

അല്ലെങ്കിൽ കഴിഞ്ഞ വ്യാഴാഴ്ച മോസ്കോവിൽനിന്നു എറിഞ്ഞ രാജ്യതന്ത്രത്തിന്റെ ഈ ബോമ്പു് ടോക്കിയോവിലെങ്ങിനെയാണു് ഇത്രയധികം പൊട്ടിത്തെറിക്കലും ഭൂമികുലുക്കവുമുണ്ടാക്കിയതു് ? അതിന്റെ പ്രത്യാഘാതം ജാപ്പാനീസ് മന്ത്രിസഭയെത്തന്നെ തകിടംമറിച്ചുകളഞ്ഞു. പാവപ്പെട്ട കോയിസോ പശ്ചാത്തലത്തിലേക്കു ഊളിയിട്ടുപോയി.

ഒരു ഭാഗത്തു് സഖ്യപക്ഷങ്ങൾ ; മറുഭാഗത്തു് അച്ചുശക്തികൾ, രണ്ടു ധ്രുവങ്ങളിൽ നിലനിൽക്കുന്ന രണ്ടു ശക്തികൾ, അല്ല വ്യവസ്ഥകളാണു് ഇവ. പ്രത്യക്ഷവും പരോക്ഷവുമായ പരസ്പര വൈരുദ്ധ്യവും വൈജാത്യവും വിഭിന്നതയുമാണു് അവയോരോന്നിന്റെയും സവിശേഷസ്വഭാവം. ഈ വാദത്തെ കുറേക്കൂടി ഉപോൽബലമാക്കുകയാണു് മോളോട്ടോവിന്റെ പ്രഖ്യാപനത്തിലെ ഉള്ളടക്കം.

സഖ്യരാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധം അവിഭാജ്യമാണു് ; ഒരു പൊതുലക്ഷ്യവും ഉദ്ദേശ്യവുമാണു് അവയെ അന്യോന്യം കോർത്തിണക്കുന്നതു്. അതേമാതിരി ജാപ്പാനും ജർമ്മനിയും തമ്മിൽ ചില ഇടപാടുകളുണ്ടു്. ഇവ ഇന്നു് കൂടുതൽ വെളിപ്പെട്ടുവരുന്നു. അച്ചുശക്തികൾ അകററപ്പെട്ടിരിക്കുന്നു. അവക്കന്യോന്യസഹായം ചെയ്യുന്നതിന്നു യാതൊരു ഗത്യന്തരവുമില്ല. സഖ്യസേനകളുടെ ഐക്യവും, ഉദ്ദേശ്യൈക്യരൂപ്യവും പ്രദർശിപ്പിച്ച പ്രസ്താവ്യമായ വീരകൃത്യത്തിന്റെ അനന്തരഫലമാണു് അതു്. ഈ യോജിപ്പിനെ ശിഥിലീകൃതമാക്കാൻ അച്ചുശക്തികൾ ശ്രമിക്കുന്നു ; അവർ റേഡിയോവിലൂടെ 'വെടികൾ പൊട്ടിക്കുന്നു'. പക്ഷെ ഫലം അവക്കു എതിരായിട്ടുമാത്രമാണുതാനും.

തികച്ചും തനിച്ചു്, ഇതേവരെയും നിഷ്പക്ഷവും എന്നാൽ ഇപ്പോൾ ആപൽക്കാരിയും ആയിത്തീന്നിരിക്കുന്ന ഒരയൽക്കാരന്റെ തൊട്ടടുത്തു് —ഒരുപക്ഷെ നാളെ യൂറോപ്യൻ സമരത്തിന്റെ അന്ത്യശേഷം, അഥവാ അതിന്നുമുമ്പെതന്നെ ചാടിവീണേക്കാവുന്ന അയൽക്കാരന്റെ തൊട്ടടുത്തു് —അമേരിക്കൻ വിമാനങ്ങൾ ടോക്കിയോവിൽ തീയാളിച്ചുകൊണ്ടിരിക്കെ, ദ്വീപുകൾ ഓരോന്നോരോന്നായി സഖ്യസേനകളുടെ ആയുധശക്തി വിഴുങ്ങിക്കൊണ്ടിരിക്കെ, പരിഭ്രാന്തിയും, പരുങ്ങലും, പരാജയമനോഭാവവും പെരുത്ത ജാപ്പ ഫാസിസത്തിനെ സംരക്ഷിക്കുന്നതിന്നു ഒരു പുതിയ നേതാവു മുന്നോട്ടു വന്നിരിക്കുന്നു—തന്തക്കിഴവനായ അഡ്മിറൽ സുസുക്കി, ശ്മശാനത്തിലേക്കു് കാലൂന്നിക്കഴിഞ്ഞ ആ പട്ടാളക്കാരൻ ! പ്രസവനോവുള്ളവർ, മററൊരാളുടെ ഈററെടുക്കാൻ പോവുക !

ജാപ്പാൻ ഒരു കൊള്ളക്കാരനും അക്രമിയുമാണെന്നു റഷ്യ പ്രഖ്യാപിച്ചു. സഖ്യപക്ഷീയകേന്ദ്രങ്ങളിൽ ഇതു് എത്രമാത്രം സന്തുഷ്ടിയും, സംതൃപ്തിയുമാണു് സംജാതമാക്കിയിരിക്കുന്നതെന്നോ. സ്വതവേതന്നെ പതറിക്കഴിഞ്ഞ ജാപ്പുകളുടെ മനോധൈര്യത്തേയും തന്റേടത്തേയും ഈ സംഭവവികാസം പ്രക്ഷുബ്ധമാക്കിയിരിക്കുന്നു. സൂപ്പർഫോർട്ടു് വിമാനങ്ങൾ ജാപ്പ സാമ്രാജ്യത്തിന്റെ ഹൃദയം—ടോക്കിയോ—ബോമ്പിട്ടു തകർത്തു ; റഷ്യൻ രാജ്യതന്ത്രം ഒരൊററ പ്രസ്താവനകൊണ്ടു് ജാപ്പജനങ്ങളുടെ ഹൃദയങ്ങളിൽ തീജ്വാലകൾ പാളിച്ചു. ഈ റഷ്യൻ നയം ഒരു ഇരുമുനവാളാണു്. "ന്യൂയോർക്ക് ടൈംസ്" എഴുതിയ മാതിരി "സാൻഫ്രാൻസിസ്കോ സമ്മേളനത്തിലേക്കുള്ള മാർഗ്ഗം അതു സുഗമവും സുസാധ്യവുമാക്കുന്നു ; അതേസമയത്തു ജാപ്പാന്റെ വിനാശം ആസന്നമാക്കുകയും ചെയ്യുന്നു."

സാൻഫ്രാൻസിസ്കോ സമ്മേളനത്തിന്നുള്ള സമയം സമാഗതമായിവരുന്ന ഈ സന്ദർഭത്തിൽ റഷ്യയുടെ ഈ കൃത്യത്തിന്നു പ്രത്യേക പ്രാധാന്യം കിട്ടുന്നു. സഖ്യരാഷ്ട്രങ്ങളിലെ ജനസാമാന്യം പൊതുതാല്പര്യത്തിന്നുവേണ്ടി, ഐക്യതയോടും സഹകരണത്തോടുംകൂടെ സ്വാതന്ത്ര്യവേദിയിൽ ജീവിതം ബലിയർപ്പിച്ചുവരുന്നു ; ഈ സന്ദർഭത്തിൽ ലോകത്തിലെ രാജ്യതന്ത്രജ്ഞന്മാക്കും രാഷ്ട്രീയ ചിന്തകന്മാക്കും അവരുടെ പങ്കു് നിർവ്വഹിക്കേണ്ടതുണ്ടു്—ജനതകളുടെ താല്പര്യസംരക്ഷണത്തിന്നു ഏററവും അത്യന്താപേക്ഷിതവും അപരിത്യാജ്യവുമായ ഒരു പങ്കു്.

യുദ്ധം അവസാനിച്ചിട്ടില്ല. എന്നാൽ ഈ യുദ്ധത്തിലെ ഏററവും വിശിഷ്ടവും വിശ്രുതവുമായ വിജയം നേടുവാൻ പോകുന്നതു് രണ്ടാഴ്ചകൾക്കുള്ളിൽ ചേരുന്ന സാൻഫ്രാൻസിസ്കോ സമ്മേളനത്തിൽ വെച്ചായിരിക്കും. കാരണം, ലോകസുരക്ഷയെ പ്രായോഗികസാദ്ധ്യതയിലേക്കു് ആനയിക്കുന്ന ഒരു നിയമവും, സന്മാർഗ്ഗനിഷ്ഠയും, സഹകരണബോധവും അവിടെവെച്ചു് സമുത്ഭവിക്കേണ്ടിയിരിക്കുന്നു. ഈ സംഗതി അത്രമേൽ വിഷമമേറിയ ഒരു കൃത്യമായിരിക്കാൻ വഴിയില്ല. അച്ചുശക്തികളെ അടക്കിയമർത്തുന്നതിൽ സഖ്യരാഷ്ട്രങ്ങൾ പ്രദർശിപ്പിക്കുന്ന ഐക്യം അത്ഭുതാവഹമാണു്. റഷ്യയുടെ ഈയിടത്തെ ഈ കൃത്യം ഈ കാർയ്യത്തെ നൂറു ശതമാനം സാധ്യമാക്കുന്നു. സമരദശയിലെപ്പോലെ തന്നെ സമാധാനകാലത്തും, ധാർമ്മികവും, ആശയപരമായും ഉള്ള പരിപൂർണ്ണമായ ഐക്യവും സഹകരണോത്സുകതയും അവശ്യം ആവശ്യമാണു്.

എന്നാൽ ഞങ്ങൾ വിസ്മരിക്കുന്നില്ല: ആക്സിസ് അനുഭാവികൾ ലോകത്തിലെങ്ങുംതന്നെ, എല്ലാ മുക്കിലും മൂലയിലും ഇന്നും ഉണ്ടു്. പടം അടിച്ചമർത്തിയ ആ പാമ്പുകൾ അവരുടെ പൊത്തുകളിൽ തരം കിട്ടുമ്പോഴൊക്കെ തലയുയർത്തുന്നുണ്ടു്. സഖ്യരാഷ്ട്രങ്ങൾ തമ്മിലുള്ള ഐക്യബന്ധങ്ങളെ കൊത്തിമുറിവേല്പിച്ചു് വിഷമയമാക്കുക എന്ന വിഷമകൃത്യത്തിന്നു് അവർ മുതിർന്നുവെന്നുവരാം. എന്നാൽ അതൊന്നുംതന്നെ വിജയിക്കാൻ പോവുന്നില്ല. ആ മൂർഖപ്പാമ്പുകളുടെ വിഷപ്പല്ലുകൾ കുത്തിയെടുത്തുതുടങ്ങി. അടുത്ത അവസരത്തിൽ അവയെ, അവയുടെ പൊത്തുകളിൽവെച്ചുതന്നെ തല്ലിക്കൊല്ലും. ആ അവസരം ആസന്നമായിവരുന്നു. റഷ്യയുടെ ഈ പ്രഖ്യാപനം ആ സുദിനത്തെ കൂടുതലായി അടുപ്പിച്ചിട്ടുണ്ടു്.

## "ചാരന്മാരെ ത്തുലയ്ക്കുവിൻ"

(ടി. ആർ. മേനോൻ.)

ഭാരതതാംബിക പെററൊരു
വീരരാം രണശൂരരേ !
ക്രൂരരാംശത്രുവിൻ ദുഷ്ട-
ചാരന്മാരെത്തുലയ്ക്കുവിൻ.

സ്വന്തസോദരരേപ്പാടെ-
യന്തകാലയമേററുവാൻ
ഇന്ത്യയായ ജനിത്രിയ്ക്കു്
ഹന്തവൈധവ്യമേകുവാൻ.

മാതൃവക്ഷസ്സിലെന്നെന്നും
ചോരപ്പുഴയൊഴുക്കുവാൻ
പരരെത്തുണ ചെയ്യുന്ന
ചാരന്മാരെത്തുലയ്ക്കുവിൻ (യുഗ്മകം)

അവരാണു നമുക്കുള്ള
പരന്മാരിൽ പ്രധാനികൾ

അവരാണധമശ്രേഷ്ഠ-
രവരാണാത്മവഞ്ചകർ,

അവരാണു മനുഷ്യന്റെ
മർമ്മമെല്ലാം പിളക്കുവോർ;
അവരാണിന്നനീതിയ്ക്കു-
ള്ളധിദേവതയായവർ,

അവരാണു ശരിയ്ക്കുള്ള
നരരാക്ഷസപംക്തികൾ
അവർതാൻ ഭാരതാംബയ്ക്കു്
വ്യഭിചാരം പരത്തുവോർ.

തട്ടിപ്പന്ന്യായമെന്നല്ല
മുട്ടുംനേരത്തു മോഷണം
കൂട്ടക്കാരെത്തുലയ്ക്കാനായ്
ദുഷ്ടശത്രുനിക്ഷേപനം.
ഇവയെല്ലാം മെഴും ചാര-
രരിമുഖ്യർ നമുക്കഹോ

വരുവിൻ ധൈര്യമായ് നിന്നു
പൊരുതിപ്പേരെടുക്കുവിൻ.

ഇവരാദ്യം തുലഞ്ഞെന്നാൽ,
ഭരതാവനി ശുദ്ധയായ്
സ്വർണ്ണത്തിങ്കലെഴും താമ-
മുരുകിത്തെളിയുന്ന പോൽ.

കാററാൽ കാർമേഘമെല്ലാം പോയ്
തെളിഞ്ഞുള്ളോരുവാനുപോൽ
ചാരരെല്ലാം നശിച്ചീടിൽ
ശോഭിയ്ക്കും ഭാരതാംബിക.

ചോരപ്പുറന്നൊരു മാതൃരാജ്യമവനം
    ചെയ്തീടു വാനാദ്യമായ്
കൊല്ലേണം പരചാരവർഗ്ഗമഖിലം
    തെല്ലും മടിയ്ക്കാതെ നാം
അല്ലെന്നാലരിമട്ടനാഗനി പിടിപെട്ടെ
    ല്ലാവരും പ്രാണനും-
തല്ലിച്ചാകുമതിന്നു നാമിടവരു
    ത്തീടാതെ നോക്കീടണം.

# ആഴ്ചക്കുറിപ്പുകൾ

## പതിനാലാം പടയുടെ വിജയം

വീണ്ടും പതിന്നാലാം പട ജാപ്പുകളെ കുഴപ്പത്തിൽ ചാടിച്ചിരിക്കുന്നു. ഇന്ത്യയിൽ കാലെടുത്തു വെക്കുന്നതിന്നു സാഹസിക പ്രയത്നം ചെയ്തു ജാപ്പു സേനയിലെ 33-ാം വിഭാഗത്തെ അവർ തുരത്തിപ്പായിച്ചു. മീട്കിലയുടെ വടക്കു ഭാഗത്തായി അവക്കു വേണ്ടി ഉണ്ടാക്കിയ ചതിക്കുഴിയിലേയ്ക്കു് മാണ്ഡലെയുടെ തെക്കു വശത്ത് വെച്ചു് ജനറൽ റീസിന്റെ "ഡാഗർ ഡിവിഷൻ" ആട്ടിയോടിച്ചു. ജാപ്പുകൾക്കു അവിടെ ആത്മഹത്യാപരമായ ഒരു സമരം ചെയ്യേണ്ടിവന്നു. മദ്ധ്യബർമ്മയിലെ ഈ പ്രദേശം ജാപ്പുകളുടെ ഒരു ശ്മശാന ഭൂമിയായി പരിണമിക്കുന്നു. ഈ വിജയവും, ഇന്ത്യക്കാരുടെ വിജയമാണ്. കാരണം 14-ാം പടയിലെ വമ്പിച്ച തുക ഇന്ത്യക്കാരാണ്.

## വിസ്മയാവഹമായ നേട്ടങ്ങൾ

ലഫ്റ്റനൻറ് ജനറൽ മൊണ്ടേഗ്വേ സ്റ്റാപ്ഫോർഡിന്റെ നേതൃത്വത്തിലുള്ള 33-ാം ഇന്ത്യൻ കോർ 71,843 ജാപ്പുകളെ കൊല്ലുകയും 2,225 പേരെ തടവുകാരാക്കിപ്പിടിക്കുകയും, 151 തോക്കുകൾ നശിപ്പിക്കുകയും 500 നാഴിക പുരോയാനം ചെയ്തിരിക്കുന്നതായും ഏപ്രിൽ 8-ാംനു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നു. ഫ്രാങ്ക് എ. മസ്സർവിയുടെ 4-ാം കോർ 20,000 ജാപ്പുകളെ വധിക്കുകയും 91 പേരെ തടവുകാരാക്കിപ്പിടിക്കുകയും 148 തോക്കുകൾ നശിപ്പിക്കുകയും, മാത്രമല്ല 400 നാഴിക മുന്നോട്ടു പോയിരിക്കയും ചെയ്യുന്നു. ഇതു് ചെയ്തുതീർത്തതു് 1944 ഡിസംബർ മുതൽ 1945 മാർച്ച് 31-ാം തിയ്യതിവരെയാണ്. 1944 ഏപ്രിലിന്നു ശേഷം 33-ാം കാർ 19,547 ജാപ്പുകളെ വധിക്കുകയും 720 പേരെ തടവുകാരാക്കിപ്പിടിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തിൽ ഈ വിഭാഗം 645 നാഴിക പുരോഗതി പ്രാപിച്ചു. 11,000 ഗ്രാമങ്ങളെ സ്വാതന്ത്ര്യമാക്കി. 14-ാം പട കഴിഞ്ഞ കൊല്ലത്തിൽ എല്ലാംകൂടി 66,500 ജാപ്പുകളെ നശിപ്പിക്കുകയും ബർമ്മയുടെ അഞ്ചിൽ രണ്ടു ഭാഗം സ്വാതന്ത്ര്യമാക്കുകയും ചെയ്തു.

## ലോവർബർമ്മസമരത്തിലേയ്ക്കു്

ഈ വിജയങ്ങൾ എത്രമേൽ വിസ്മയകരമാണെങ്കിൽ കൂടിയും ബർമ്മയുടെ അഞ്ചിൽ മൂന്നു ഭാഗം ഇനിയും വിമോചിതമാകുവാനുണ്ട്. ശത്രു ഭീമമായവിധം ക്ഷയിച്ചിരിക്കുന്നു; അതുകൊണ്ട്, കാലാക്രമേണ പരാജിതനായി പിൻ തിരിയുന്നതാണ്. എന്നാൽ അതേസമയത്തു അവർ ഒരു കിണഞ്ഞ സമരം ചെയ്യാതെ ഒഴിച്ചുപോകുന്നതല്ല. എന്നാൽ 14-ാം പടയ്ക്കു ഇന്നു് ബർമ്മയിൽ പല സൌകര്യങ്ങളും സാദ്ധ്യതകളും കൈവന്നിട്ടുണ്ട്.

കിഴക്കൻ ബർമ്മയിലേക്കുന്ന കളിലേക്കു തോററു പായുന്ന ശത്രുവിന്റെ 33-ാം വിഭാഗത്തെ തിരഞ്ഞു പിടിക്കേണ്ടതുണ്ട്. ചൈനീസു സേനയും അമേരിക്കൻ സേനയും, ബ്രി. 36-ാം ഡിവിഷനും ഈ ജോലി ചെയ്തു തീർക്കുന്നതിന്നു അവിടെ കാവൽ നില്പുണ്ട്. 14-ാം പടയിലെ മിക്ക വിഭാഗങ്ങളും ഇപ്പോൾ ഐരാവതിയുടെ തീരങ്ങളിൽ സമരം ചെയ്യുന്നു. ഒരു വിഭാഗം എണ്ണ വയലുകളെ നോക്കിയും, മറെറാന്നു 350 മയിൽ ദൂരെയുള്ള ഇറംകൂണിനെ ലക്ഷ്യമാക്കിയും മുന്നോട്ടു പോവുന്നു.

മറെറാരു ജാപ്പു സേനാവിഭാഗം ആറക്കാനിൽ കുഴപ്പത്തിൽ താറുമാറായിക്കിടക്കുന്നു. 15-ാം കോർ ശത്രുവിന്റെ രക്ഷാസ്ഥാനങ്ങൾ ഓരോന്നോരോന്നായി പിടിച്ചുവരുന്നു.

## ജർമ്മൻകാർ പരാജയം സമ്മതിക്കുന്നു

യൂറോപ്യൻ യുദ്ധം അതിന്റെ അന്ത്യദശയെ പ്രാപിച്ചു കഴിഞ്ഞു. റീഷിന്റെ മൂന്നിലൊരു ഭാഗം പൊയ്യൂഴിഞ്ഞു; ഗീഥേ, ഹാംലിൻ, ഹനോവർ, ബ്രമൻ, വിയന്ന എന്നീ നഗരങ്ങൾ സഖ്യസേനകളുടെ വലയത്തിന്നകത്തായിത്തുടങ്ങി; യുദ്ധതടവുകാരായ ജർമ്മൻകാരുടെ സംഖ്യ ദിനംതോറും വർദ്ധിച്ചുവരുന്നു. ഗസ്റ്റാപ്പോവിന്റെ മനോധൈര്യത്തിന്നു കൂടെ ക്ഷയംതട്ടിക്കഴിഞ്ഞിരിക്കുന്നു. ഹിംലരുടെ പത്രത്തിൽ ഏപ്രിൽ 5-ാംനു ഇങ്ങനെ എഴുതിക്കാണുന്നു: "യുദ്ധത്തിന്റെ നിലനോക്കിയാൽ, ആഴ്ചകൾക്കുള്ളിൽ ജർമ്മൻ ജനങ്ങൾ പരിപൂർണ്ണ പരാജയത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്നു തോന്നുന്നു. സൈനികമായി നമ്മെ പരാജയപ്പെടുത്താൻ കഴിഞ്ഞുവെന്നുവരാം. എന്നാൽ നമ്മുടെ കൃത്യത്തിലുള്ള നീതിബോധത്തിന്നും, അതിനോടുള്ള നമ്മുടെ വിശ്വാസത്തിന്നും ലേശം പോലും വ്യത്യാസം വന്നിട്ടില്ല" ഇതിൽനിന്നു അവരുടെ ഇന്നത്തെ മനസ്ഥിതി തികച്ചും വ്യക്തമാകുന്നുണ്ടല്ലോ.

# ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക







## കൊയിസോവിന്റെ തിരോധാനം

ജാപ്പാനിൽ മന്ത്രിസഭയിൽ വീണ്ടും മാററങ്ങൾ ഉണ്ടായിരിക്കുന്നു. കൊയിസോ അപ്രത്യക്ഷമായി. അദ്ദേഹത്തിന്നു പകരം എമ്പതു വയസ്സു തികഞ്ഞ അഡ്മിറൽ സുസുക്കിയാണ് പുതിയ മന്ത്രിസഭ രൂപീകരിച്ചിരിക്കുന്നതു്. കൊയിസോ ശരിയാംവിധം സമര സംഭാരങ്ങൾ സന്നദ്ധമാക്കിയിട്ടില്ലെന്നാണ് ആയാളുടെ പേരിലുള്ള ആക്ഷേപം. ഇതേകുററം തന്നെയാണ് ആയാളുടെ മുൻഗാമിയായിരുന്ന ടോജോവിന്റെ പേരിലും പണ്ടു് ചുമത്തപ്പെട്ടിരുന്നതു്. അന്നത്തെ സ്ഥിതിഗതികൾ നന്നാക്കാമെന്നു വാഗ്ദാനവുമായിട്ടാണ് കൊയിസോ മന്ത്രിസ്ഥാനം കയ്യേററതു്. എന്നാൽ ആയാളും ഇന്നു പശ്ചാത്തലത്തിലേയ്ക്കു മാഞ്ഞുപോയി.

കൂടുതൽ പരാജയങ്ങളാണ് ജാപ്പാൻ കൊയിസോ ഗവർമ്മേണ്ടിന്റെ കീഴിൽ അനുഭവിച്ചതു്. ഫിലിപ്പൈൻ ഒട്ടുമുക്കാലും മക്ആർതർ കൈവശപ്പെടുത്തി. ഇവോജിമ, ന്യൂഗിനിയ തുടങ്ങിയ ദ്വീപുകളിൽ ജാപ്പു സേനകൾ അനുഭവിച്ച ദുരിതങ്ങൾ കുറച്ചൊന്നുമല്ല. ഒക്കിനാവാ ദ്വീപിൽനിന്നു താമസിയാതെ ജാപ്പുകൾക്കു ഓടിപ്പോകേണ്ടിവരും, അഥവാ മരിച്ചു മണ്ണടയേണ്ടിവരും. ടോക്കിയോവിലും, മററു വ്യവസായിക നഗരങ്ങളിലും സൂപ്പർഫോർട്ട് വിമാനങ്ങൾ കാണിച്ച പരാക്രമങ്ങൾ ചില്ലറയൊന്നുമല്ല. ബർമ്മ അനുദിനം ജാപ്പു ഹസ്തങ്ങളിൽനിന്നു വഴുതിക്കൊണ്ടേ ഇരിക്കുന്നു. വിമാനസേന വളരെയധികം ക്ഷയിച്ചു; കടൽപ്പടക്കു പററിയ നാശങ്ങൾക്കു അടുത്തൊന്നും നികത്തുവാൻ സാദ്ധ്യമല്ലതന്നെ. ഈ ഒരു പശ്ചാത്തലത്തിലാണ് മുരട്ടുകിഴവനായ സുസുക്കി അധികാരം ഏറെറടുക്കുന്നതു്. ആയാളുടെ സാദ്ധ്യതകളെ എന്തെല്ലാമാണെന്നു നമുക്കു മുൻപറഞ്ഞ സംഗതികളിൽനിന്നു വ്യക്തമാകും.

അതേ സന്ദർഭത്തിൽ ജാപ്പുകളെ വിഷമിപ്പിക്കുന്ന മറെറാരു വർത്തമാനവും വന്നിട്ടുണ്ട്. ജനറൽ മക്ആർതറേയും, അഡ്മിറൽ നിമിട്സിനേയും, ശാന്തസമുദ്ര രംഗത്തിലെ കരസൈന്യത്തിന്റെയും നാവിക സേനയുടെയും അധിപന്മാരായി നിയമിച്ചിട്ടുള്ള വാഷിങ്ടനിൽനിന്നുള്ള വിഖ്യാപനം. സുസുക്കിയ്ക്കു തന്റെ മുൻഗാമികളേക്കാൾ ഭയങ്കരമായ സ്ഥിതിഗതികളെയാണ് അംഗീകരിക്കേണ്ടിവരിക എന്നതിന്നു യാതൊരു സംശയവുമില്ല. ഈ പുതിയ ജാപ്പു പ്രധാന മന്ത്രിയ്ക്കു സഖ്യസേനകൾ, അവരുടെ രീതിയിൽ "നല്ലൊരു സ്വീകരണം" നൽകാൻ അധികം താമസമില്ല തന്നെ!

സമരകാലത്തിൽനിന്നു സമുദായം ഒരു സമാധാന ദശയിലേക്കു സംക്രമിച്ചുതുടങ്ങുമ്പോൾ

# അന്തർദ്ദേശീയ ഭാഷയുടെ ആവശ്യകത

(എം. ഗോവിന്ദൻ)

ദേശീയഭാഷയുടെ പ്രയോജനതയേയും ആവശ്യകതയേയുംപററി ആവേശകരങ്ങളും ആക്ഷേപാർഹങ്ങളുമായ പല അഭിപ്രായങ്ങളും നമുക്കു സുപരിചിതമായിത്തീർന്നിട്ടുണ്ട്. കഴിഞ്ഞ രണ്ടു ശതാബ്ദങ്ങളോളമായി, ഭാരതീയാന്തരീക്ഷത്തിൽ ഇന്ത്യയ്ക്കു പൊതുവായ ഒരു ദേശീയഭാഷ വേണമെന്ന മുറാവാക്യവും അതിന്റെ പ്രത്യാഘാതങ്ങളും അലയടിച്ചു പ്രതിധ്വനിക്കാൻ തുടങ്ങിയിട്ട്. ഇതിനാലുണ്ടായിട്ടുള്ള തർക്കങ്ങളും, വാദഗതികളും, അഭിപ്രായവ്യത്യാസങ്ങളും കുറച്ചൊന്നുമല്ല. അനവധി രാഷ്ട്രീയ കസർത്തുകളും ഗ്രൂപ്പിപിടുത്തങ്ങളും, ഈ ആവശ്യത്തിന്റെ അനന്തരഫലമായിത്തീർന്നിട്ടുണ്ട്.

എന്നാൽ ഇന്നു ദേശീയഭാഷയുടെ ആവശ്യകത, അത്ര പ്രത്യക്ഷമായി തെളിഞ്ഞുവരുന്നില്ല. മാത്രമല്ല, ആ പ്രശ്നം പശ്ചാത്തലത്തിലേക്കു നീങ്ങിനീങ്ങിപ്പോവുകയാണ്. ഭാരതം ഒരു ദേശമല്ല, ഒരു ഉപഭൂഖണ്ഡമാണ് എന്ന അഭിപ്രായത്തിന്നു ഇടക്കാലത്തുവെച്ചു പ്രാബല്യവും ആദരവും ലഭിച്ചുതുടങ്ങിയിരിക്കുന്നു. അങ്ങിനെയിരിക്കെ, പൊതുവായ ഒരു രാഷ്ട്രഭാഷ വേണമെന്ന ആവശ്യം അബദ്ധവും, അസംബന്ധവുമായി പരിണമിക്കയാണ് ചെയ്യുന്നതു്. ഏകവും അവിഭാജ്യവുമായ ഒരു രാഷ്ട്രമാണ് ഹിമവൽസേതുപര്യന്തമുള്ള ഈ മഹാരാജ്യം എന്ന ഗണനയുടെ നിഴലാണ് ഈ ദേശീയഭാഷ വേണമെന്ന വാദം. രൂപംതന്നെ അയഥാർത്ഥമാണെന്നു തോന്നിത്തുടങ്ങിയ ഈ അവസരത്തിൽ, അതിന്റെ നിഴലിനെപ്പററി ചിന്തിച്ചു ശാഠ്യം പിടിച്ചു ശണ്ഠകൂടുവാൻ വളരെപ്പേർ വെമ്പുകയില്ല. എന്നുതന്നെയല്ല ദേശീയത്വം പുരോഗമനോന്മുഖമല്ലാത്തതും, പരിവർത്തനത്തിന്നെതിരും, പഴഞ്ചനുമായ ഒരു ആശയസംഹിതയാണെന്നുള്ള വിശ്വാസത്തിന്നു വിജയം സിദ്ധിച്ചുവരുന്ന കാലമാണിതു്. അപ്പോൾ അതിന്റെ കൂടപ്പിറപ്പുകളെപ്പററിയും ആരും അത്ര സഗൌരവമായി ചിന്തിക്കുന്നില്ലെങ്കിൽ, അതിൽ ആവലാതിപ്പെടുന്നതിന്നോ ആക്ഷേപിക്കുന്നതിന്നോ, അത്ഭുതപ്പെടുന്നതിന്നൊ അവകാശലേശമില്ല.

ദേശീയാതൃത്തികളെ എല്ലാം അതിക്രമിച്ചു, സങ്കുചിതമായ ആ സ്ഥലസീമകളേയും ഗണനകളേയും കവച്ചു കടന്നുപോവുന്ന ഒരു ചിന്താരീതി ഇന്നു ലോകത്തിൽ രൂപമെടുത്തുവരുന്നുണ്ട്. ശാസ്ത്രീയവും സാങ്കേതികവുമായ പരിവർത്തനങ്ങളും, തന്മൂലം സമുത്ഭവിച്ച സാമൂഹ്യ-സാമ്പത്തിക വികാസങ്ങളും, മനുഷ്യന്റെ ചിന്താരീതിയിലും വമ്പിച്ച കോളിളക്കങ്ങളുണ്ടാക്കിക്കഴിഞ്ഞു. ലോകം ചുരുങ്ങിച്ചുരുങ്ങി വരികയാണ്. അതേസമയത്തു മനുഷ്യൻ വലുതായുംവരുന്നു. വിമാനത്തിന്റെ വിപ്ലവകരമായ പ്രാധാന്യവും വിസ്മയകരമായ സാദ്ധ്യതയും ഈ സന്ദർഭത്തിൽ വിസ്മരിക്കാൻ പാടുള്ളതല്ല. ഒററതിരിഞ്ഞുനിന്നു ലോകത്തിന്റെ ഏതൊരു ഭാഗത്തിൽ നിവസിക്കുന്ന ജനതയ്ക്കും കഴിഞ്ഞുകൂടുവാൻ വയ്യെന്നു ഈ യുദ്ധം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഈ പാഠങ്ങൾ നാം മറന്നു പ്രവർത്തിക്കുന്നപക്ഷം, വീണ്ടും രക്തക്കളത്തിൽ നീന്തുന്നതിന്നു ലോകം ഒരുങ്ങിപ്പുറപ്പെടേണ്ടിവരും

II

ഈ ഒരു പശ്ചാത്തലത്തിലും, പരിതസ്ഥിതിയിലും നിന്നുകൊണ്ടു ഒരന്തർദേശീയ ഭാഷയുടെ ആവശ്യകതയെപ്പററി നമുക്കു പര്യാലോചിക്കാം. ലോകത്തിലെ വിവിധ ദേശങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഇന്നു അന്യോന്യം അഭിപ്രായങ്ങൾ കൈമാറേണ്ടതു് അവരുടെ സുസംഘടിതവും സുരക്ഷിതവുമായ നിലനില്പിന്നു അത്യന്താപേക്ഷിതമാണ്. അവയ്ക്കു അന്യോന്യം സമ്മേളിക്കുന്നതിന്നും സംഭവവികാസങ്ങളെപ്പററി സമഗ്രമായി ആലോചിക്കുന്നതിന്നും ഉള്ള സന്ദർഭങ്ങൾ സമാധാനകാലത്തു സമരദശയേക്കാൾ കൂടുതൽ സമൃദ്ധമായിവരുന്നുണ്ട്. മനുഷ്യസമുദായത്തിന്നു കൈവന്നിട്ടുള്ള ശാസ്ത്രീയ സാദ്ധ്യതകൾ ഈ സംഗതിയിൽ വളരെ സഹായകരമാണ്. വിശിഷ്യ, റേഡിയോ, ആകാശവിമാനം ഇവ രണ്ടും പ്രസ്താവ്യങ്ങളാണ്. കാരണം അവ ഇനിയും കൂടുതൽ ദൂരവ്യാപകങ്ങളായ പരിവർത്തനങ്ങളെ വരുത്തിയേക്കാനിടയുണ്ട്.

ജനകീയ രീതിയുടെ നിലനില്പിന്നും വിജയത്തിന്നും വേണ്ടിയുള്ള ഈ യുദ്ധത്തിൽ ചൊരിഞ്ഞ ചോരപ്പുഴ, ഭൂഗോളത്തിലെ സമാധാനകാംക്ഷികളും പുരോഗമനശ്ശീലരുമായ ജനതകളിൽ സഹകരണ ബോധത്തിന്റെ സുദൃഢബന്ധങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബന്ധത്തിന്റെ കാര്യക്ഷമമായ പ്രകാശത്തിന്നു ഒരു പൊതുഭാഷയുടെ ആവശ്യകതയുണ്ട്. അടുത്ത അവസരത്തിൽ ഒരു ലോകസുരക്ഷാ സംഘടന സൃഷ്ടിക്കുന്നതിന്നുവേണ്ടി സാൻ ഫ്രാൻസിസ്കോവിൽ വെച്ചു ഐക്യരാഷ്ട്രങ്ങൾ ഒരു സമ്മേളനം ചേരുന്നു. സമാധാനകാലത്തെ സമുദായഘടനയേയും, സാമ്പത്തിക രീതിയേയും സാരമായി ബാധിക്കുന്ന പല തീരുമാനങ്ങളും അവിടെവെച്ചു അംഗീകരിക്കപ്പെടുന്നതായിരിക്കും. അവയുടെ പ്രായോഗികമായ പ്രചരണത്തെ ഒരന്തർദ്ദേശീയ ഭാഷ വളരെ അധികം സഹായിക്കുന്നതാണ്. ലോകസുരക്ഷക്കു അന്തർദ്ദേശീയ പോലീസും, വിമാനസേനയും വേണമെന്നുപറയുന്നതുപോലെത്തന്നെ, ജനങ്ങളുടെ അനുരഞ്ജിപ്പിന്നും ഐക്യബോധത്തിന്നും ഒരു അന്തർദ്ദേശീയ ഭാഷകൂടി ആവശ്യമായി വരുന്നുണ്ട്.

എന്നാൽ, ഒരന്തർദ്ദേശീയഭാഷ വേണമെന്നു പറയുമ്പോൾ, ദേശീയ ഭാഷയെ തെല്ലും തന്നെ അവമാനിക്കണമെന്നില്ല. എന്നുതന്നെയല്ല, ഒരന്തർദ്ദേശീയഭാഷയുടെ ആവിർഭാവം മൂലം ദേശീയഭാഷകൾക്കു പൂർവ്വാധികം ഓജസ്സും ഉജ്ജീവനവുമാണ് കിട്ടുക. ഭാരതീയ സംസ്കാരത്തിലും ഭാഷയിലും, ഇംഗ്ലീഷു ഭാഷാ പരിജ്ഞാനം വരുത്തിയിട്ടുള്ള പരിവർത്തനങ്ങൾ ഇവിടെ സ്മരണീയമാണ്.

ഇന്നത്തെ പരിസ്ഥിതിയിൽ ഒരന്തർദ്ദേശീയ ഭാഷയായിത്തീരുന്നതിന്നുള്ള അർഹത എന്തുകൊണ്ടുനോക്കിയാലും ഇംഗ്ലീഷിന്നാണുള്ളതു്. ഔദ്യോഗികമായ അംഗീകരണം ലഭിക്കപ്പെട്ടിട്ടില്ലെങ്കിലും, ഇന്നും ഒരന്തർദ്ദേശീയ ഭാഷയുടെ അഭാവത്തിൽ, അതിന്റെ ചുമതല നിർവ്വഹിക്കുന്നതും ഇംഗ്ലീഷുതന്നെയാണ്.

ലോകം പല പുതിയതും പുരോഗമനപരവുമായ സംഭവവികാസങ്ങളെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണ്. അവയിൽ ഒന്നാണ്, അന്തർദ്ദേശീയ ഭാഷയും.

### ‘സയൻസിനു’ സാഹിത്യകാരൻ ‘അയിത്തം’

#### കല്പിച്ചാലുണ്ടാവുന്ന നഷ്ടങ്ങൾ

# സയൻസും സാഹിത്യകാരനും

(കെ. കൃഷ്ണൻ നായർ, ബി. എ.)

സയൻസ് അഥവാ ആധുനികശാസ്ത്രം അതിന്റെ ആവിർഭാവകാലം മുതൽക്കുതന്നെ സാഹിത്യകാരന്റെ കണ്ണിലെ കരടായിട്ടാണ് തീർന്നിട്ടുള്ളത് എന്നു തോന്നുന്നു. ആംഗലകവിയായ മിൽട്ടൺ സയൻസിന്റെ ആകർഷണത്തിനു വിധേയനായിരുന്നു എങ്കിലും അദ്ദേഹം അതിനെ സംശയദൃഷ്ടിയോടുകൂടിയാണ് വീക്ഷിച്ചിരുന്നത് എന്നു തീർച്ചയാണ്. വിജ്ഞാനവൃക്ഷത്തിന്റെ വിലക്കപ്പെട്ട ഫലത്തിന്റെ ആസ്വാദനമാണ് സയൻസ് എന്ന് അദ്ദേഹം ബലമായി വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമികളായ സാഹിത്യകാരന്മാരും തരം കിട്ടുമ്പോഴെല്ലാം സയൻസിനെ അവഹേളിച്ചിരുന്നു. ജാൺസൺ, പോപ്പ്, സ്വിഫ്റ്റ് എന്നിവർ സയൻസിനെക്കുറിച്ചും ശാസ്ത്രജ്ഞന്മാരെക്കുറിച്ചും എഴുതിയിട്ടുള്ള ഫലിതങ്ങൾ ധാരാളമാണ്. അക്കാലത്തെ യൂറോപ്യൻ മതവിശ്വാസങ്ങളെയും മററും ചോദ്യം ചെയ്തുകൊണ്ടു തുടങ്ങിയ സയൻസ് സാമാന്യജനതയുടെ നാവുകളായ സാഹിത്യകാരന്മാരുടെ ആക്ഷേപശരങ്ങൾക്കു ലക്ഷ്യമായി ഭവിച്ചതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ആധുനികകാലത്തു സഹിഷ്ണുതാസമ്പന്നമായ ഭാരതത്തിൽ ഒരു ഉത്തമസാഹിത്യകാരന്റെ ആക്ഷേപങ്ങൾക്കു സയൻസിനെ വിധേയമാക്കുന്നതു കുറെ കഷ്ടമാണെന്നേ പറയേണ്ടതൊള്ളൂ. സയൻസിനോ അതിന്റെ കഴിവുകൾക്കോ ഈ അധിക്ഷേപങ്ങൾകൊണ്ടു യാതൊരു ന്യൂനതയും സംഭവിക്കുന്നില്ല. എങ്കിലും സാഹിത്യപ്രിയന്മാരായ സാമാന്യജനങ്ങൾക്കു സയൻസിനെക്കുറിച്ചുണ്ടാകേണ്ടതായ സമദർശിത്വം ഇല്ലാതാകുന്നതു ശരിയല്ലതന്നെ. സയൻസിന്റെ ആരാധകന്മാരായ ശാസ്ത്രജ്ഞന്മാർക്കാണ് എങ്കിൽ സാഹിത്യകാരന്മാരിൽനിന്നുണ്ടാകുന്ന ഈ വിധം ആക്ഷേപങ്ങൾക്കു മറുപടി പറയാൻ സമയമോ ആവശ്യമോ ഇല്ലാത്തതിനാൽ സാമാന്യജനങ്ങളെ തെററിദ്ധരിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം മുഴുവൻ സാഹിത്യകാരനിൽമാത്രം നിക്ഷിപ്തമായിത്തീരുന്നു. അതുകൊണ്ടു ഈ സംഗതിയിൽ സാഹിത്യകാരനുള്ള ഗൗരവാവഹമായ ചുമതല വ്യക്തമാണല്ലോ.

* * *

സയൻസിന്റെ ഇന്നത്തെ സ്ഥാനം ആദിമമനുഷ്യരുടെയിടയിൽ അഗ്നിക്കുണ്ടായിരുന്നതു തന്നെയാണ്. അഗ്നിയുടെ കണ്ടുപിടിത്തംകൊണ്ട് ആദിമ മനുഷ്യനുണ്ടായ പരിഷ്കാരാഭിവൃദ്ധിയോടു താരതമ്യപ്പെടുത്തുമ്പോൾ അഗ്നിയിൽനിന്നും ഉണ്ടായിരിക്കാവുന്ന നാശം എത്ര തുച്ഛമാണ്. അന്നത്തെ ജനങ്ങൾ തങ്ങളുടെ കുടിലുകൾ വെന്തു വെണ്ണീറാകുന്നതുകണ്ട് അഗ്നിയെ അളവററു ശപിച്ചിരിക്കാം. എന്നാൽ അഗ്നി മനുഷ്യന്റെ പുരോഗമനത്തിനുവേണ്ടി അതിപ്രധാനമായ ഒരു പങ്ക് വഹിച്ചിരിക്കണമെന്നുള്ളതിൽ സംശയമുണ്ടോ? സയൻസിന്റെ നിലയും ഇതു തന്നെയാണ്. Scientific Warfare (ശാസ്ത്രോപകരണങ്ങൾകൊണ്ടു നടത്തപ്പെടുന്ന യുദ്ധം) കൊണ്ട് ലോകം കഷ്ടപ്പെടുന്ന ഈ അവസരത്തിൽ സയൻസ് ശാപങ്ങൾക്കു വിധേയമായിത്തീരുന്നു എങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ശാന്തബുദ്ധിയോടെ ആലോചിച്ചാൽ സയൻസുകൊണ്ട് ലോകം ഒന്നിനൊന്നു പുരോഗമിക്കയല്ലാതെ അധഃപതിക്കുന്നില്ല എന്നു മനസ്സിലാക്കാം. സയൻസിന്റെ ഗുണവും ദോഷവും മനുഷ്യൻ അതിനെ കൈകാര്യം ചെയ്യുന്ന രീതിയെയാണു ആശ്രയിച്ചിരിക്കുന്നത്. മനുഷ്യൻ പരിഷ്കാരത്തിനു മാത്രമല്ല, കുറേയൊക്കെ അതിന്റെ നാശത്തിനും സയൻസിനെ ഉപയോഗപ്പെടുത്തി എന്നുവരാം. അത് സയൻസിനെ കൈകാര്യം ചെയ്യുന്ന മനുഷ്യന്റെ ദുർബുദ്ധിയുടെ ഫലമെന്നല്ലാതെ സയൻസിന്റെ കുററമാകുന്നതെങ്ങനെ? ഗ്രന്ഥശാലകളും ഗ്രന്ഥകാരന്മാരും പണ്ഡിതന്മാരും സയൻസിന്റെ ദുരുപയോഗംകൊണ്ടു നഷ്ടപ്പെടുന്നുണ്ട്. എന്നാൽ അതിലും അധികം ഗ്രന്ഥശാലകളെയും പണ്ഡിതന്മാരെയും സൃഷ്ടിക്കുന്നതിനു സയൻസ് സഹായിക്കുന്നുണ്ട് എന്നതിൽ സംശയലേശമില്ല. പരിഷ്കാരമുണ്ടാകാനും നശിക്കാനും “ഒന്നുപോലെ” സയൻസു പ്രവർത്തിക്കുന്നു എന്നു പറയുന്നതു സാഹസമാണ്. ചിലപ്പോൾ സയൻസ് പരിഷ്കാരത്തിന്റെ വിനാശകാരിയാകാറുണ്ട് എങ്കിലും പരിഷ്കാരത്തിന്റെ ആകെത്തുക സയൻസ് വർദ്ധിപ്പിക്കുകയേ ചെയ്തിട്ടുള്ളു. മേൽപറഞ്ഞപോലതന്നെ സാഹസികമായ ഒരു വാദമാണ് സയൻസ് മനുഷ്യരെ അനാരോഗ്യവാന്മാരാക്കുന്നു എന്നതും. ജനസംഖ്യാവർദ്ധനവ്, അതിനനുസരണമായി മാററിയിട്ടില്ലാത്ത സാമുദായികരീതികൾ എന്നിങ്ങനെ സയൻസിനു യാതൊരു ഉത്തരവാദിത്വവുമില്ലാത്ത ചില സംഗതികളാണ് മനുഷ്യന്റെ ആരോഗ്യത്തെ നശിപ്പിച്ചിട്ടുള്ളത്. സയൻസ് രോഗങ്ങളെ ജയിക്കുന്നതിനു പലതും കണ്ടുപിടിച്ചിട്ടുണ്ട്. ഇപ്പോഴും അതിനുവേണ്ടി എത്രയോ പരിശ്രമിക്കുന്നുമുണ്ട്.

ലോകൈക്യം എന്ന ആശയം മനുഷ്യനിൽ ഉദിച്ചതു സയൻസിന്റെ അഭിവൃദ്ധിയിൽനിന്നുള്ള ഘോരനാശങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ആകാംക്ഷയിൽനിന്നാണുപോൽ. ഇതിനു സമാധാനം ബുദ്ധൻ, ക്രിസ്തു, നബി തുടങ്ങിയ മതാചാര്യന്മാർ ലോകത്തെ ഏകീകരിക്കാൻ അശ്രാന്തപരിശ്രമം ചെയ്തിട്ടുള്ളതു സയൻസിനെ ഭയന്നാണോ എന്ന് ചോദിക്കുക മാത്രമാണ്.

ഇതുവരെ പറഞ്ഞതു മിക്കവാറും സയൻസിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചാണ്. അവയെ എത്രതന്നെ അപലപിച്ചാലും അവയുടെ ഗുണങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനസാമാന്യത്തെ അധികകാലം തെററിദ്ധരിപ്പിച്ചുകൊണ്ടിരിക്കാൻ സാദ്ധ്യമല്ലതന്നെ. എന്നാൽ സയൻസ് അന്ധവിശ്വാസജടിലമാണെന്നു പറയുന്നതു സയൻസിന്റെ തത്വചിന്താപരമായ ഭാഗത്തെക്കുറിച്ചുള്ള അറിവിന്റെ പരിതാപകരമായ കുറവുകൊണ്ടു മാത്രമാണെന്നേ പറയാൻ കാണുന്നൊള്ളൂ. സയൻസിന്റെ അന്ധവിശ്വാസത്തിന് ഉദാഹരണമായി പറയുന്നതു ശാസ്ത്രജ്ഞൻ, തെററാണെന്ന് അറിയാവുന്ന വിശ്വാസങ്ങളെ മറെറാരു സിദ്ധാന്തം കിട്ടുംവരെ ഉപേക്ഷിക്കുന്നില്ല എന്ന ആരോപണമാണ്. ഈ ആരോപണത്തിന് എന്തെങ്കിലു അടിസ്ഥാനമുണ്ടോ? സയൻസിനെപ്പോലെ അറിവിനെ അടിസ്ഥാനമാക്കിയുള്ള പുതിയ സിദ്ധാന്തങ്ങളെ സ്വീകരിക്കുന്നതിനും പഴയ സിദ്ധാന്തങ്ങളുടെ പരിമിതി നിർണ്ണയിക്കുന്നതിനും ആകാംക്ഷയുള്ള മറെറാന്ന് ഇല്ലതന്നെ. ആപേക്ഷിക സിദ്ധാന്തം കണ്ടുപിടിക്കുംവരെ ശാസ്ത്രജ്ഞന്മാർ ന്യൂട്ടന്റെ സിദ്ധാന്തത്തെ, ബുധഗോളത്തിന്റെ ചലനവിശേഷങ്ങൾക്കു കാരണം നിർദ്ദേശിക്കാൻ അതു പര്യാപ്തമല്ലാതിരുന്നിട്ടും മുറുകെ പിടിച്ചിരുന്നു എന്നു പറയുന്നു. ബുധഗോളത്തിന്റെ ചലനവിശേഷങ്ങൾക്കു ന്യൂട്ടന്റെ സിദ്ധാന്തംകൊണ്ട് സമാധാനം പറയാൻ സാധിക്കയില്ലെന്നു കണ്ടുപിടിച്ചതാര്? വെളിച്ചത്തിന്റെ വേഗതയോടു താരതമ്യപ്പെടുത്താവുന്ന വേഗത്തിൽ സഞ്ചരിക്കുന്ന പദാർത്ഥങ്ങൾ ന്യൂട്ടന്റെ ചലനസിദ്ധാന്തങ്ങൾക്ക് വിധേയമല്ലെന്നു കണ്ടുപിടിച്ചതു ആരാണ്? ഈ വിധത്തിൽ സൂക്ഷ്മമായ സ്ഥിതിഗതികൾ കണ്ടുപിടിച്ചതും ഉടൻതന്നെ മുമ്പു വിശ്വസിച്ചിരുന്ന സിദ്ധാന്തങ്ങളെ ഉപേക്ഷിക്കയോ അവയുടെ പരിധി ക്ലിപ്തപ്പെടുത്തുകയോ ചെയ്തിട്ടുള്ളതും അന്ധവിശ്വാസി എന്ന് അധിക്ഷിപ്തനായ ശാസ്ത്രജ്ഞൻ അല്ലാതെ മററാരു്? ഗലീലിയോ, ന്യൂട്ടൻ തുടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ കാലം മുതൽക്കുള്ള സയൻസിന്റെ വളർച്ച പരിശോധിച്ചാൽ പഴയതിനെ തെററെന്നു മനസ്സിലായാലും അതിനെത്തന്നെ മുറുകെപ്പിടിക്കുന്ന സ്വഭാവത്തിനു സയൻസിൽ ഒരു സ്ഥാനവുമില്ലായിരുന്നു എന്ന് മനസ്സിലാക്കാം. നേരേമറിച്ച് അനുഭവത്തിനു വിപരീതമാണെന്നു കണ്ടാൽ പഴയ സിദ്ധാന്തങ്ങളെ, അവ എത്ര വലിയ സ്ഥാനത്തു നിന്നുത്ഭവിച്ചതായാലും എതിർക്കുന്നതിൽ സയൻസിന്റെ ആരാധകന്മാരെപ്പോലെ ധൈര്യം പ്രകടിപ്പിച്ചിട്ടുള്ളവർ വേറെ ആരുമില്ല എന്നു കാണാൻ വലിയ പ്രയാസമൊന്നുമില്ല.

ഈ സന്ദർഭത്തിൽ ഒരു സംഗതികൂടി വ്യക്തമാക്കിക്കൊള്ളട്ടെ. ന്യൂട്ടന്റെ സിദ്ധാന്തങ്ങൾ തെററാണെന്ന് സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ അർത്ഥവ്യാപ്തി എത്രയുണ്ടെന്ന് സാധാരണയായി നാം ചിന്തിക്കാറില്ല. ഇപ്പോഴും മനുഷ്യന്റെ നിത്യോപയോഗങ്ങൾക്കു ആവശ്യമുള്ള വാഹനങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ മുതലായവയുടെ നിർമ്മാണത്തിനും, എന്നുവേണ്ട--എൻജിനീയറിംഗിന്റെ മിക്കവാറും എല്ലാ ഉൾപിരിവുകളിലും ഉപയോഗിക്കുന്ന കണക്കുകൾക്ക് അവലംബമായിട്ടുള്ളതു, തെററാണെന്ന് സ്ഥാപിക്കപ്പെട്ടതായി പറയുന്ന ന്യൂട്ടന്റെ സിദ്ധാന്തങ്ങൾ തന്നെയാണ്. ഇതിനു കാരണമെന്ത്? ഒരുദാഹരണം പറയാം. കൊല്ലത്തുനിന്നും തിരുവനന്തപുരത്തേക്കുള്ള ദൂരം നാല്പത്തിനാലു മൈൽ ആണെന്ന് പറയുന്നു. എന്നാൽ കുറേക്കൂടി സൂക്ഷ്മമായി അളന്നുനോക്കിയാൽ മിക്കവാറും ഇതു “തെററ്” ആണെന്നു വന്നേക്കാം. രണ്ടോ മൂന്നോ ഫർലാംഗ് കൂടുകയോ കുറയുകയോ ചെയ്യുന്നു വരാം. എന്നാൽ നാല്പത്തിനാലു മൈൽ എന്നുള്ളത് എത്ര സൂക്ഷ്മമായ അളവു സാമഗ്രികൾ കൊണ്ടളന്നാലും ഇരുപത്തഞ്ചു മൈലോ എഴുപത്തഞ്ചു മൈലോ ആകയില്ലെന്ന് തീർച്ചയാണ്. എന്തുകൊണ്ട്? മൈൽ എന്നു കണ്ടുപിടിച്ചതു ഇഞ്ചു കണക്കിനു സൂക്ഷ്മമല്ലെങ്കിലും മൈൽ കണക്കിനു വിശ്വസിക്കാവുന്ന അളവു സാധനങ്ങൾകൊണ്ട് അളന്നിട്ടാണ്. അല്ലാതെ വെറും ഊഹത്തെ അടിസ്ഥാനപ്പെടുത്തി അല്ല എന്നുള്ളതുകൊണ്ടുതന്നെ. സാധാരണ ആവശ്യങ്ങൾക്കു ഈ ദൂരം ശരിയാണെന്നു കരുതുന്നതിൽ ദോഷമില്ലതാനും. ന്യൂട്ടന്റെ സിദ്ധാന്തങ്ങളുടെ അവസ്ഥയും ഇതു തന്നെയാണ്. ആ സിദ്ധാന്തങ്ങൾ ഇപ്പോഴും ശരിയാണ്— “ഏകദേശം” എന്നു കൂടി ചേർക്കണം. അതുകൊണ്ടുതന്നെയാണ് ആ സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തി നിർമ്മിച്ചിട്ടുള്ള പാലങ്ങൾ, വാഹനങ്ങൾ മുതലായവ അവയുടെ കൃത്യം ഇപ്പോഴും ശരിയായി നിർവ്വഹിക്കുന്നതു.

സയൻസിന്റെ പ്രവർത്തനപരിധി ഏതാണെന്നും അതിന്റെ സിദ്ധാന്തങ്ങളുടെ പരിമിതി ഇന്നതാണെന്നും നല്ലപോലെ അറിയാവുന്നതേ ഉള്ളൂ. സയൻസിന്റെ വിജയം ഈ അറിവിലാണ് സ്ഥിതിചെയ്യുന്നതു. ലോകത്തിന്റെ സകല രോഗങ്ങൾക്കും സയൻസ് ഒരു സിദ്ധൗഷധമാണെന്ന് ശാസ്ത്രജ്ഞൻ പറയുകയില്ല. എന്നാൽ ലോകവ്യവഹാരത്തിൽ ഊഹാപോഹങ്ങളെക്കാൾ സയൻസിന്റേതുപോലെയുള്ള വീക്ഷണഗതിയാണ് കൂടുതൽ ഉപയോഗപ്രദമെന്നുള്ളതു നിർവ്വിവാദമാണ്.


സാഹിത്യകാരന്മാർ സയൻസിനേക്കുറിച്ചെഴുതുമ്പോൾ എഴുതുന്ന കാര്യത്തെ ശരിയായി മനസ്സിലാക്കിയിട്ടു എഴുതിയാൽ കൊള്ളാം. അല്ലെങ്കിൽ പരിഹാസ്യങ്ങളായ പല പ്രമാദങ്ങളും പററിപ്പോകും.

* * *

നമ്മുടെ സാഹിത്യകാരന്മാർ സയൻസിനെ പ്രായേണ പുച്ഛിക്കുന്നതായിട്ടാണു കണ്ടുവരുന്നതു. ഇതു മലയാള സാഹിത്യത്തെ അത്യുന്നതമായ ഒരു സ്ഥാനത്തെത്തിക്കാൻ സഹായിക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സയൻസും സാഹിത്യവുംകൂടി ഇണങ്ങിയെങ്കിൽ മാത്രമേ സാഹിത്യം ശരിയായി അഭിവൃദ്ധിപ്പെടുകയുള്ളൂ. സയൻസിനെ സ്ഥാനത്തും അസ്ഥാനത്തും അവഹേളിക്കുന്ന സാഹിത്യകാരൻ സാഹിത്യത്തെ സങ്കുചിതമാക്കുകയത്രേ ചെയ്യുന്നതു.

(മലയാളരാജ്യം, തിങ്കളാഴ്ചപ്പതിപ്പ്)

## മൂപ്പന്മാർ മൂന്നു പേരും!




# ചിരിയും ചിന്തയും

പാരേഡു് സമയത്തു ശിപായി രാമുവിനെ കേണലിൻെറ അടുത്തേയ്ക്കു് കൊണ്ടുപോയി. അയാൾ ക്ഷൗരം ചെയ്തിരുന്നില്ലെന്നായിരുന്നു ആക്ഷേപം.

' നീയെന്തു പറയുന്നു? " കേണൽ ചോദിച്ചു.

" ഒരു ക്ഷുരകനെ കണ്ടില്ല സർ " ശിപായി രാമു പറഞ്ഞു.

" ഇവിടുത്തെ ക്യാമ്പു ബാർബർ എവിടെ?"

" ഞാൻതന്നെയാണു് സേർ."

* * *

പരിഷ്കാരത്തിൻെറ അടിസ്ഥാനമുറപ്പിച്ചതു് കിരാതത്വത്തിൻേറയും മൃഗീയതയുടേയും നടുവിൽവെച്ചാണു്. എന്നാൽ മനുഷ്യൻെറ സൃഷ്ടികാശക്തികളും ശാസ്ത്രീയ സാദ്ധ്യതകളും സമൃദ്ധമായി തഴച്ചുകാണുന്ന ഇക്കാലത്തുകൂടി മനുഷ്യസമുദായത്തിലെ ഒരു വമ്പിച്ച വിഭാഗം കാട്ടാളത്വവും മൃഗീയതയും ഇപ്പോഴും തികച്ചും അതിജീവിച്ചു കഴിഞ്ഞിട്ടില്ല.

* * *

വെപ്പുകാരൻ ശങ്കരനും മാധവിയമ്മയും കൂടെ ഒന്നു ചന്തയ്ക്കു പോയി. മടങ്ങിവരുമ്പോൾ ശങ്കരൻെറ കയ്യിൽ ഒരു വലിയ വടിയും ഒരാടും, കോഴിക്കുഞ്ഞും ഉണ്ടായിരുന്നു. അവർ ഒരിരുണ്ട ഇടവഴിയിലെത്തി. മാധവിയമ്മ പറഞ്ഞു: " ഞാൻ ഈ സ്ഥലത്തിലൂടെ നിൻെറയൊപ്പം നടക്കുന്നതിന്നു ഭയപ്പെടുന്നു. നീ എന്നെ . . . . " ശങ്കരൻ ചോദിച്ചു: " എങ്ങിനെ, എൻെറ കയ്യിൽ ഈ സാമാനങ്ങളെല്ലാമുള്ളപ്പോൾ?"

" നീയാവടി നിലത്തു കുഴിച്ചിട്ടു്, ആടിനെ അതിന്മേൽ കെട്ടി, കോഴിയുടെ കാലും അതിന്മേൽ പിണച്ചിട്ടു . . ."

* * *

സ്വാതന്ത്ര്യത്തിന്നുവേണ്ടിയാണു് നാം പൊരുതുന്നതു്. അതെല്ലാവർക്കും അറിയാം. സ്വാതന്ത്ര്യം പൊരുതുന്നതിന്നുള്ള ഒരായുധമെന്ന നിലക്കുകൂടി ഉപകരിക്കും. അതിനിയും മനസ്സിലാകേണ്ടിയിരിക്കുന്നു.

ആ ചെറിയ പീടികക്കാരനോടു വഴിപോക്കൻ അത്ഭുതത്തോടെ ചോദിച്ചു " അല്ല മൂപ്പരെ, നിങ്ങളെങ്ങിനെയാണു് പിഴക്കുന്നതു്?

പീടികക്കാരൻ പീടികക്കകത്തിരിക്കുന്ന ആളെ ചൂണ്ടിക്കാണിച്ചു പറഞ്ഞു " ആ വിദ്വാനെ നിങ്ങൾ കണ്ടില്ലെ. ആയാൾ എനിക്കുവേണ്ടി പണിയെടുക്കുന്നു. എനിക്കു ആയാൾക്കു ശമ്പളം കൊടുക്കാൻ സാദ്ധ്യമല്ല. അങ്ങിനെ രണ്ടു കൊല്ലത്തിന്നുള്ളിൽ ശമ്പളം അവൻേറതാവും. പിന്നീടു, അതു എനിക്കു തിരിച്ചുകിട്ടുന്നതുവരെ ഞാനവന്നു വേണ്ടി പണിയെടുക്കുന്നു.

* * *

തള്ളക്കോഴി മുട്ടപൊട്ടിത്തകർന്നു കുഞ്ഞു പുറത്തുവരുമ്പോൾ ഖേദിക്കുന്നില്ല. പ്രത്യുത ആനന്ദിക്കുന്നു. എന്നാൽ പഴഞ്ചൻ സമുദായ ഘടന തകർന്നു ഒരു നവ്യരീതി ഉത്ഭവിക്കുമ്പോൾ ചില മനുഷ്യർമാത്രം പൊട്ടിക്കരയുന്നു!

* * *

ഒരു പുതിയ ലോകഘടനയുടെ പിറവിയ്ക്കുള്ള പ്രസവവേദനയാണു് ഈ യുദ്ധം.

* * *

മൂന്നുപേരും ഉല്ലാസത്തിന്നുവേണ്ടി തോണി കളിക്കയായിരുന്നു. പെട്ടെന്നു കാറ്റും കോളും നിമിത്തം തോണി മറിഞ്ഞു.

അവരിൽ രണ്ടുപേർ നീന്താൻ തുടങ്ങി. മൂന്നാമത്തേവൻ നിസ്സഹായനായി മലർന്നു കിടന്നു.

" ഏയ് " നീന്തുന്ന ഒരാൾ ചോദിച്ചു " നിങ്ങൾക്കങ്ങിനെ പൊന്തിക്കിടക്കാൻ കഴിയുമൊ?

" നോക്കു " മുങ്ങുന്ന ആൾ പറഞ്ഞു, "ഞാൻ മുങ്ങിച്ചാവാൻ പോകുന്നു. അവരുടെ പന്തയം ഇപ്പഴാണു്."

* *

ഒരു കട്ടാരംമാത്രം കയ്യിലേന്തിയ ഒരു സ്വാതന്ത്ര്യന്നു, പീരങ്കികളുള്ള ഒരു ലക്ഷം അടിമപ്പട്ടാളത്തെ അടിച്ചോടിക്കാൻ കഴിയും.

* * *

ചിത്രകാരൻ: ആ ചിത്രം ഇപ്പോൾ പൂർത്തിയായിട്ടേയുള്ളൂ. ചായം ഉണങ്ങിക്കഴിഞ്ഞിട്ടേയില്ല. സൂക്ഷിക്കണേ.

ഭൃത്യൻ: ശരി, ഏമാന്നെ, എൻെറ കുപ്പായം പഴയതാണു്.

* * *

മോട്ടോർക്കാറാകുന്ന ഗർഭാശയത്തിലെ ഒരു ശിശുവാണു് ഫോർഡു്.

* * *

" നമ്മുടെ വിവാഹം കഴിയുന്നതിന്നുമുമ്പു നിങ്ങൾ എന്നെ ' ഓമനെ' എന്നാണല്ലൊ വിളിച്ചിരുന്നതു്."

"ഉവ്വ്, എനിക്കോർമ്മയുണ്ടു്."

" ഇപ്പോൾ നിങ്ങളെന്നെ ഒന്നും വിളിക്കുന്നില്ല."

" അതെൻെറ ആത്മനിയന്ത്രണത്തെ സൂചിപ്പിക്കുന്നു."

* * *

മിസ്ട്രസ്സ് പാറുക്കുട്ടിയമ്മ തൻെറ സഹപ്രവർത്തകൾക്കു പൂച്ചക്കുട്ടികളെ കാണിച്ചുകൊടുത്തു.

ഒരമ്മ അഭിപ്രായപ്പെട്ടു—നല്ല ചന്തമുള്ള കുട്ടികള്.

പാറുക്കുട്ടിയമ്മ സാഭിമാനം പറഞ്ഞു, "കുട്ടികളുടെ അച്ഛൻ വന്നാലുള്ള അവരുടെ പരാക്രമം കാണുക തന്നെ വേണം.

" അതു് സ്വാഭാവികമാണു്."

" അതാ കുട്ടികളുടെ അച്ഛൻ വരുന്നു." പാറുക്കുട്ടിയമ്മ എഴുന്നേററു " അകത്തേക്കു പോകുക."

" ഓ നിങ്ങളുടെ കണ്ണു്."

രാമൻ നായർ വന്നു കയറി " ഓ, ഇതാണൊ ഈ കുട്ടികളുടെ അച്ഛൻ? മ്യാവോ, മ്യാവോ " അവരെല്ലാം ചിരിച്ചു അകത്തേക്കോടി.

* * *

വിശ്വഹൃദയത്തിൽ വികസിച്ചുവരുന്ന വികാരങ്ങളാണു് പുഷ്പങ്ങൾ; അതു അനുദിനം പുത്തനായിക്കാണുന്നു മനുഷ്യൻമാത്രം പഴഞ്ചനാശയങ്ങളെ മുറുകിപ്പിടിക്കുന്നതിൽ ഉത്സുകനായിരിക്കുന്നതിൻെറ ഹേതുവെന്താണു്?

* * "

ഫാസിസം സമുദായത്തെ ബാധിച്ച ഒരു കുഷ്ഠരോഗമാണു്. മുറിവൈദ്യംകൊണ്ടും മന്ത്രവാദം കൊണ്ടും, ഈ ഭയങ്കരരോഗം മാററാമെന്നു പറയുന്നവർ ആ രോഗത്തേക്കാൾ ആപൽക്കാരികളാണു്.

പൊട്ടക്കിണററിലെ പൂച്ചെടിയെപ്പോലെ അടുക്കളയുള്ളിൽ (കളു)

വളർത്തുവളരുന്ന ഒരു തടവുകാരിയാണ് നമ്മുടെ

# സഹോദരി

(സി. ആർ. ഗോപാലനെഴുത്തച്ഛൻ, ബി.എ.)

ഒരു നീണ്ട വിരഹവേളയ്ക്കു ശേഷമാണ് ആ പഴയ സ്നേഹിതന്മാർക്കു വീണ്ടും സമ്മേളിക്കുവാൻ സാധിച്ചതു്. പരിഷ്കാരിയും സമർത്ഥനുമായിരുന്ന മി. സുകു ആകൃതിയിലും ആശയത്തിലും തന്റെ കൂട്ടുകാരനിൽനിന്നു തുലോം വ്യത്യസ്തനായിരുന്നു. ഒരു മന്ദസ്മിതത്തോടെ സുകു പറഞ്ഞു: "വരാം ....ഈ പുഴവക്കത്തുതന്നെയിരുന്നു നമുക്കു സംസാരിക്കാം."

"എന്തൊന്നു സംസാരിക്കുവാനാണ്? ഒന്നാമതു ഒരു വിഷയവും ഞാൻ കാണുന്നില്ല. പോരെങ്കിൽ നിങ്ങൾ യാതൊന്നുംതന്നെ പറയുന്നുമില്ല." അയാളുടെ ചങ്ങാതി ചിരിക്കുവാൻ തുടങ്ങി.

"ശരി. ഞാൻ തന്നെയാരംഭിക്കാം; പക്ഷെ തോക്കിന്നകത്തു കയറി നിങ്ങൾ വെടിവെക്കുകയില്ലെന്നു ഉറപ്പു തരണം. 'സ്ത്രീസ്വാതന്ത്ര്യം' അതാകാം നമ്മുടെ വിഷയം. എന്തു പറയുന്നു?" സുകു ചോദിച്ചു.

"എല്ലാം സമ്മതിച്ചിരിക്കുന്നു. ഒരക്ഷരംപോലും ഞാൻ ശബ്ദിക്കുകയില്ല, പറയൂ—"

സുകു തന്റെ സിഗരററു വലിച്ചിരുന്ന ധൂമപടലം നോക്കി ആനന്ദിക്കുകയാണ്: അയാൾ പറഞ്ഞു: "ചാരിത്ര്യത്തിന്റെ മാനദണ്ഡം സ്ത്രീയുടെപക്കൽനിന്നു പുരുഷൻ തട്ടിപ്പറിച്ചതാണ് അയാൾ ആദ്യം ചെയ്ത അബദ്ധം. നിങ്ങളോ നിങ്ങളുടെ ഒരു സ്നേഹിതനൊ ആയിരിക്കും നിങ്ങൾക്കു കണ്ടു പരിചയം മാത്രമുള്ള ഒരു പെൺകുട്ടിയുടെ ചാരിത്ര്യം അളന്നു തിട്ടപ്പെടുത്തുന്നതു്. ഒരു ലതികയോ, ജാനകിയോ ഒരു മാധവനോടൊ ലക്ഷ്മണനോടൊ സംസാരിക്കുവാൻപോലും പാടില്ലത്രെ! അഥവാ അപ്രകാരം ചെയ്തുപോയാൽ തൽക്ഷണം അപവാദവഹ്നി നാടു മുഴുവൻ പടർന്നു പിടിക്കുകയായി. അയാളുടെ സ്വരം സക്രമം ഉയർന്നുകൊണ്ടിരുന്നു.

"സ്നേഹിതാ, ക്ഷമാപൂർവ്വം ഒന്നു ചിന്തിച്ചു നോക്കണം. നിങ്ങളുടെ മാതുലപുത്രിയെക്കുറിച്ചു് നിങ്ങൾ അന്നു പ്രസ്താവിച്ചതു എത്രയേറെ അടിസ്ഥാനരഹിതമായിരുന്നുവെന്നു്. നിങ്ങളേക്കാൾ പതിന്മടങ്ങു സംസ്കാരവും സൌകുമാര്യവുമുള്ള ഒരു പെൺകുട്ടിയെ വിവാഹം ചെയ്വാൻ നിങ്ങൾ ആലോചിക്കുന്നതു എത്രയേറെ ഭോഷത്വമാണ്? പരിതഃസ്ഥിതികൾ പ്രതികൂലങ്ങളാണെന്നു ഗ്രഹിച്ചതിന്നുശേഷവും നിങ്ങൾ സ്വന്തം കാര്യലാഭാർത്ഥം വിവാദം ചെയ്കയാണെങ്കിൽ അതിലുമുപരിയായ അധിക്ഷേപാർഹത നിങ്ങൾക്കു എന്താണ് വേണ്ടതു്?

"മഹാകവി ടാഗോർ, പരിശുദ്ധതയുടെ പരമാർത്ഥത്തിലുള്ള കേന്ദ്രവും പുരുഷന്റെ ഉത്തമമാർഗ്ഗദർശിയും സ്ത്രീയാണെന്നു ഉദ്ഘോഷിക്കുന്നു. സംസ്കൃതഹൃദയനാണെന്നു സ്വയം അഭിമാനിക്കുന്ന നിങ്ങൾ കേവലം കിംവദന്തിയെ അപ്പാടെ കണ്ണടച്ചു വിശ്വസിച്ചു, സ്ത്രീലോകത്തെയാകെ സംശയദൃഷ്ട്യാ വീക്ഷിക്കുവാൻ ആവശ്യപ്പെടുന്നു!

"എനിക്കു ഒരു പുരുഷന്റെ ആദർശശുദ്ധിയെ അഭിനന്ദിക്കാമെങ്കിൽ എന്തുകൊണ്ടാണ് ഒരു സ്ത്രീക്കു അതേ പുരുഷന്റെ മഹാശയതയെ ആദരിച്ചുകൂടാത്തതു്? ശരിയാണെന്നു നിങ്ങൾ ഇപ്പോൾ സമ്മതിക്കും. പക്ഷെ അല്പസമയത്തിന്നു ശേഷം അവൾ അയാളെ അഭിനന്ദിക്കുന്നതിന്നു് എന്തോ കാരണമുണ്ടാകും എന്നിങ്ങിനെയുള്ള നിങ്ങളുടെ സന്ദേഹങ്ങളെല്ലാം വാരി വിളമ്പുകയായി.

"അവിവാഹിതനായ ഒരു കവിയുടെ മനോഹരമായ ചില പദ്യശകലങ്ങൾ ഒരു മിസ്സ് ജാനകീദേവി വായിച്ചാസ്വദിക്കുന്നുവെന്നിരിക്കട്ടെ, നിഷ്കളങ്കയായ ആ പെൺകുട്ടിയെ ഏററവും നീചമായ ഭാഷയിൽ അധിക്ഷേപിക്കുവാനും ആ കവിയുമായി അവൾക്കു ചില അനാശാസ്യബന്ധങ്ങൾ സൃഷ്ടിക്കുവാനും നമ്മുടെ അന്ധമായ യാഥാസ്ഥിതികസമുദായം ഉടനെ കച്ചകെട്ടിയിറങ്ങുന്നു. ഏവംവിധമുള്ള ഒരു സാമുദായിക പരിതസ്ഥിതിയിൽ ജനിച്ചു വളരുന്ന നമ്മുടെ സഹോദരിമാരെ നാം രക്ഷിക്കാതിരിക്കുന്നതുവരെ ഇതരസമുദായം നമ്മുടെ മേൽ കുതിരകയറുകയും വിജയിക്കുകയും ചെയ്യുന്നുവെങ്കിൽ അതിൽ എന്താണ് അത്ഭുതം?

"വൈവാഹികകാര്യത്തിൽ സ്ത്രീകൾക്കു അവരർഹിക്കുന്നത്ര സ്വാതന്ത്ര്യമെങ്കിലും കൊടുക്കാനാവശ്യമായ ഹൃദയവിശാലത ഈ പരിഷ്കരിച്ച കാലത്തുപോലും പുരുഷന്നു ഉണ്ടായിട്ടില്ല. സ്ത്രീധനമെന്ന പ്രശ്നം നിമിത്തം, ദാമ്പത്തികസുഖത്തെ സമ്പത്തിന്നുവേണ്ടി അയാൾ ബലിയേകുക കാരണം കണ്ണീരിൽ മുഴുകിയ ദിവസങ്ങൾ വിവാഹാനന്തരമെണ്ണിത്തീർക്കുവാൻ പുരുഷൻ സ്ത്രീയെ പ്രേരിപ്പിക്കുന്നു. വൈവാഹികകാര്യങ്ങളിൽ സ്ത്രീക്കു പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിൽ സ്ത്രീധനപ്രശ്നംതന്നെ പുരുഷന്നു അഭിമുഖീകരിക്കേണ്ടിവരുമോ എന്നതു സംശയമാണ്. അധികാരപ്രമത്തതയും അഹംഭാവവും അയാളുടെ കണ്ണു മഞ്ഞളിപ്പിച്ചിരിക്കുകയാണ്......

"യൂറോപ്പിൽ ഒരു സ്ത്രീക്കു അഞ്ചോ ആറൊ പുരുഷന്മാരുടെ കൂടെ കൈകോർത്തു നൃത്തം വെക്കുകയും പാട്ടുപാടുകയും ചെയ്യാം. നമ്മുടെ ഒരു പെൺകുട്ടി വേറെ ഒരു ആൺകുട്ടിയുമായി തമാശ പറയുന്നതുപോലും സാന്മാർഗ്ഗികനിബന്ധനകൾക്കു വിരോധമാണത്രേ! അതവരുടെ സംസ്കാരം, ഇതു നമ്മുടെ സംസ്കാരം എന്നു നിങ്ങൾ വാദിച്ചേക്കാം. പക്ഷെ ഈ 'സംസ്കാരം', പുരുഷന്റെ മാത്രമുള്ള ഈ പുരോഗമനം, ഒന്നര ശതാബ്ദത്തിലധികമായി നമ്മളെ നരകയാതനയനുഭവിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നതു് വിസ്മരിക്കരുതേ. . ."

സുകുവിന്റെ ശബ്ദം ഇടറിയിരുന്നു. കുറെ നേരം മൌനമവലംബിച്ചശേഷം അയാൾ വീണ്ടും പറഞ്ഞു:

"ലോകസ്വാതന്ത്ര്യത്തിന്നുവേണ്ടി അടരാടുന്ന സഖ്യപക്ഷത്തിൽ അമൂല്യമായ പല സേവനങ്ങളും സ്ത്രീകൾ ഇന്നു് നിർവ്വഹിക്കുന്നുണ്ടെന്നതു് സർവ്വവിദിതമാണല്ലൊ. എങ്കിലും ഇന്നത്തെ സ്ഥിതിക്കു, ഭാരതത്തിലെ സ്ത്രീലോകം അതർഹിക്കുന്നത്ര പങ്കു ഈ ധർമ്മസമരത്തിൽ നിർവ്വഹിച്ചിട്ടില്ലെന്ന ആക്ഷേപം കഴിഞ്ഞ മഹായുദ്ധാനന്തരമുണ്ടായതുപോലെ സക്രമം ഇനിയും ഉണ്ടാകുവാനിടയുണ്ട്. ലോകത്തിലെ ഏതൊരു സ്ത്രീയോടും ശേഷിയിലും ശേമുഷിയിലും കിടനിൽക്കുവാനുള്ള കഴിവ് ഭാരതത്തിലെ സ്ത്രീകൾക്കു ഇല്ലായ്കയുമല്ല. എന്നാൽ നമ്മുടെ സഹോദരിമാർക്ക് അതിന്നുള്ള സന്ദർഭം—ഈ സുവർണ്ണാവസരം, സന്മാർഗ്ഗത്തിന്റെ പേരിൽ നാം നിരോധിക്കുകയാണ് ചെയ്യുന്നതു്. ഇതു നാം നമ്മെ മററുള്ളവരുടെ ദൃഷ്ടിയിൽ ഭോഷന്മാരാക്കുവാൻ ചെയ്യുന്ന ഒരു പ്രവൃത്തിയായിരിക്കുകയും ചെയ്യും.

"ഇല്ല, അധികം വർണ്ണിച്ചു ഞാൻ നിങ്ങളെ മുഷിപ്പിക്കുന്നില്ല. ഒരു ഉദാഹരണവുംകൂടിപ്പറഞ്ഞു ഞാൻ ഇതവസാനിപ്പിക്കാം. നിങ്ങൾക്കു അറിയാമല്ലൊ ജാനകി, നിങ്ങളുടെ മാതുലന്റെ പുത്രി, എന്റെ ഒരു സഹപാഠിയായിരുന്നുവെന്നു്. ഇത്രയേറെ ഹൃദയനൈർമ്മല്യവും പരിപാവനാശയങ്ങളുമുള്ള ഒരു പെൺകുട്ടിയെ എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. സാമുദായികകാര്യങ്ങളിൽ നിർഭയം മുന്നോട്ടിറങ്ങി, അവൾക്കും അന്നുചെയ്ത നിസ്വാർത്ഥകർമ്മങ്ങളെല്ലാം നിങ്ങൾക്കും അറിയാവുന്നതാണല്ലൊ. എങ്കിലും ദോഷാരോപണവും അപവാദവുംകൊണ്ടാണ് അവഹേളനാസ്പദമായ നമ്മുടെ സാമുദായികനിയമാവലി അവളെ സമ്മാനിച്ചതു്.

"നിങ്ങളെന്താണ് മുഖം കറുപ്പിക്കുന്നതു്? എനിക്കറിയാം നിങ്ങൾ പശ്ചാത്തപിക്കുകയാണെന്നു്. നാം രാഷ്ട്രീയസ്വാതന്ത്ര്യത്തിന്നുവേണ്ടി മുറവിളികൂട്ടുന്നവരാണല്ലൊ. പക്ഷെ സ്വാതന്ത്ര്യം സ്വന്തം ഗൃഹത്തിൽനിന്നു ആരംഭിക്കണമെന്ന മഹദ്വാക്യം നാം വിസ്മരിക്കുന്നു. ഗൃഹഭിത്തികൾക്കകത്തു സൂര്യനെയും സംസ്കാരത്തെയുമറിയാതെ കിടന്നു നരകയാതനയനുഭവിക്കുന്ന നമ്മുടെ സഹോദരിമാർക്കു് നാമാണ് ആദ്യമായി സ്വാതന്ത്ര്യം നല്കേണ്ടതു്. ഇമ്മാതിരിയുള്ള സാമുദായികാസമത്വങ്ങൾ നിർമ്മൂലനം ചെയ്താൽ മാത്രമേ നമ്മുടെ സമരം വിജയപ്രദമാകയുള്ളു. അതാണ് നിങ്ങളുടെ മാതുലപുത്രിയെപ്പോലുള്ള പെൺകുട്ടികളെയാണ് ഭാരതം ഇന്നു ആവശ്യപ്പെടുന്നതെന്നു ഞാൻ പറയുന്നതു്. എങ്കിലും രാഷ്ട്രീയസൌധത്തിന്റെ ഈ സാമുദായികഭിത്തി ബലപ്പെടുത്തുവാൻ അതിന്റെ നിർമ്മാതാക്കൾ വേണ്ടുന്നത്ര ശ്രദ്ധ ചെലുത്താത്തതു് ശോചനീയംതന്നെ."

പൂർവ്വദിങ്മുഖത്തു മനോഹരമായ രവിബിംബം ഉദിച്ചുയർന്നു. ഒരു മധുരഗീതവും പാടിക്കൊണ്ടു ആ ആററിലെ ജലം ഒഴുകിക്കൊണ്ടിരുന്നു. ആ രണ്ടു സ്നേഹിതന്മാർ പരസ്പരം നോക്കി മന്ദഹസിച്ചുകൊണ്ടു അവിടം വിട്ടുപോയി.

## വസുന്ധരയോടു

(സി. കെ. എൻ., കല്യാശ്ശേരി)

കരയൂ വസുന്ധരേ, കരയൂ വസുന്ധരേ!
കരളിൽ നിറഞ്ഞോരു കദനാവേശത്താൽ നീ
കറിനന്മാരായുള്ള ഫാസിസ്റ്റ് നാസി ജാപ്പു,
മദയന്മാർ ഹാ നിന്നെ വെടിപ്പുങ്കിട്ടിടുവാൻ;
കട്ടതീക്ഷ്ണമാംഖഡ്ഗം—പൈശാചതൃഷ്ണയേന്തി
അടരാടിക്കുന്നു ഹാ, നിന്റെ മക്കളുമായി
അവരോ പരസ്പരം രുധിരം പൊഴിക്കുന്നു.
അവനീ, സവിത്രിയാം നിന്നോടു കാരുണ്യത്താ[ൽ.

ഒരുകോൽ ഭൂമിക്കായിക്കുരുതിക്കളമെത്ര
ക്രൂരമൂർത്തോരു ജാപ്പുരാക്ഷസൻ, സൃഷ്ടിക്കുന്നു.
ധരണിദേവി, നിന്നിൽ ചിന്നുന്ന ചോരത്തുള്ളി
ഒരു ദുസ്സഹപ്പുടി നരകക്കോണിക്കല്ലൊ!
ദുരിതാർണ്ണവക്കര കാണുവാൻ ഹിററ്ലർമുമ്പാം
നരനായിട്ടു് മൂപ്പക്കെന്നു കൈവരുന്നാവോ!
ഭുവനേശ്വരി, ഭദ്രം നിനക്കു ഭവിക്കട്ടെ!
ഭൂമിയിൽ സമാധാനശാന്തി സംഭവിക്കട്ടെ

ഭവദീയമ്മാരെല്ലാം ശുഭശീലന്മാരാട്ടെ,
ഭവികം മേന്മേലെല്ലാ ലോകർക്കുമുണ്ടാവട്ടെ.
കരയൂ വസുന്ധരേ, കരയൂ വസുന്ധരേ,
കരളിൽനിറഞ്ഞോരു കദനാവേശത്താൽ നീ!



# തീർത്ഥയാത്ര

(ഡോക്ടർ കെ. സി. പത്മാവതി.)

[കാകളി]

I

ആയിരമായിരം നാഴികയ്ക്കപ്പുറ-
ത്താ,യാസമാർന്നു പറക്കയായെന്മനം.
ചുററിലും മഞ്ഞലച്ചാർത്തുകൾ മുററിട്ടു-
മിററലിതന്നിലെപ്ലേഗ്ക്കള സീമയിൽ,
മൂടിപ്പുതച്ചു കിടക്കുമെൻ ചേതന-
മൂടുപടം നീക്കി മുളിപ്പറക്കയായ്;
കേരളാരാമമണയാൻ മുതിർന്നുപോ-
യാരമ്യഭൃംഗകമുത്സാഹ പൂരിതം.
ചിന്തതൻ സുന്ദരമാകും ചിറകുക-
ളെന്തിനും മീതെ പറക്കുന്നു വിസ്മയം!

II

ആഴിയലകൾ തന്നാക്രമണങ്ങളെ-
ച്ചാഴിലായ് തീർക്കുന്നതാണെൻെറ കേരളം.
കേരളംതന്നിലെ പുല്ലിലുമുൽഫുല്ല-
കൌതുകം തൻകതിർ തൂകുന്നു കാദളം.
ആഹാ, മനോഹരം, മോദദോന്മാദിതം
സ്നേഹപ്രദായകം മാതൃഭൂ മാമകം!
നോക്കൂ, മനോജ്ഞമബ്ഭാരതനിമ്നഗ,
പാൽക്കുളിർ നീർപ്പോളയാലുൽപ്പുളകിതം!
വീര ചരിതസംഗീത ലഹരികൾ
വീചികൾ വീശുന്നിതന്നദീ ഹൃത്തിലും.
മാമാങ്ക വീര കഥകൾ മനപ്പാഠ-
മാമണൽത്തട്ടിലെ ഓരോ തരിക്കുമേ.
പോരിനായ് തോക്കു പിടിച്ചൊരെൻ
[കൈകളേ,
പോരു, മിവിടെ മുകുളിതമാകുവിൻ!

III

അങ്ങു കാൺമീലേ, വടക്കുഭാഗത്തതാ-
തിങ്ങിന ഭംഗിയിൽ തുംഗമാമഗ്ഗൃഹം
വീരതക്കുള്ള ഹൃദയത്തുടിപ്പുകൾ
വീശിയിരുന്നതിൻ ഭിത്തികൾക്കുള്ളിലും
കത്തിപ്പിടിച്ചു പടർന്നുപരന്നു പോ-
യുദ്ധതയുദ്ധതേജസ്സിക്കളരിയിൽ
വീര പരാക്രമപ്പോർ മുറയ്ക്കൊക്കയു-
മീരമ്യഗേഹമാണീററില്ലമോർക്കണം.
ഒന്നോർത്തു നോക്കുവിൻ തച്ചോളി വീട്ടിലെ-
കുഞ്ഞിയൊതേനക്കുറുപ്പിനെ കൂട്ടരെ!
നിശ്ചയമില്ലെങ്കിൽ നിങ്ങളാപ്പാടത്തു
കററചുമക്കും ചെറുമിയെ തേടുവിൻ!
'വിഢബാമ്പു' കൂടിയും വീണു നശിച്ചിട്ടും
വീറൊട്ടു വീരഭൂമി വീശീടുകിൽ.
പാടുന്നൊതേനനെപ്പററി ഹാ, പാട്ടുകൾ
ആടുമേച്ചീടു മിടയച്ചിട്ടങ്ങനും!
വീണു നമസ്കരിച്ചീടട്ടെ യൊട്ടിട-
വീണ്ടുമിക്കാവിലിൻ മുമ്പിൽ ഞാൻ സാദ
[രം!

IV

മാളികയൊന്നങ്ങുകാണുന്നു, നോക്കുവിൻ
കേളി കളകളാരാവ സമ്മേളിതം.
കാലം കിണഞ്ഞു ശ്രമിച്ചിക്കഥയുടെ
കാലടിപ്പാടുകൾ കൂടിയും മായ്ക്കുവാൻ.
എങ്കിലും തോററു തുലഞ്ഞി, ങ്ങുനോക്കുകിൽ
പൊന്തുന്നു പൂജ്യമാം പൂർവ്വസ്മരണകൾ!

അക്രമത്തിൻെറ യരിശമൊട്ടുക്കിയ-
വിക്രമങ്ങൾക്കൊക്കെ സാക്ഷിയാണിസ്ഥ
[ലം;
മാനമര്യാദകൾ മാറെറാലിച്ചാർത്തതാം
മാനിച്ച വിക്രമന്മാരുടെയിസ്ഥലം;
നാരീജനങ്ങളെ നായാടിട്ടമിരു-
ക്കാലികൾ, നായ്ക്കളെ വെന്നതൊന്നിസ്ഥ
[ലം;
നാട്ടിലെ നായകമ്മന്യരെപ്പോലുമേ,
നാണത്തിനാൽ തല താഴ്ത്തിച്ചതിസ്ഥലം.
പോരിന്നണിഞ്ഞൊരുങ്ങീട്ടുന്നതിൻ മുമ്പെ
വൈരിയെ തോല്പിച്ചയച്ചതാണിസ്ഥലം;
ആരോമലാകു 'മാരോമർ' തന്നോമന-
'ആച്ച്'തൻ പോർ വിളികേട്ടതാണിസ്ഥ
[ലം!!
ഇപ്രദേശത്തിലെ മൺതരിയിത്തിരി-
ചാർത്തട്ടെ ഞാനെൻ ശിരസ്സിൽ ഭക്ത്യാദ
[രം!!

V

കേരളം ശ്യാമളം, വീരപ്രസൂവായ-
കേരളം കോമളം, കേദാരശോഭിതം;
കേരളം, കേമത്തമാർന്നുള്ള കേൾവി തൻ
കേവഞ്ചി കേറികളിച്ചൊരെൻ കേരളം!
ചിന്തകൾക്കൂടിയും ചുട്ടു പഴുത്തുപോം
ചെന്തീയുപോലിക്കഥകൾ കേട്ടീടവെ!!

* * *

പൊട്ടുന്നു ഭേരിയായ് വീരങ്കി; ശത്രുക്കൾ-
പ്രത്യാക്രമണ സംരംഭം തുടങ്ങിയോ?
ചിന്തകൾതൻ ചിറകെല്ലാം ചുരുക്കി ഞാൻ
വീണ്ടും സമരസന്നദ്ധനായ് പോകയാ
[യ്!!

-ശുഭം-



ഡാഗർ ഡിവിഷൻെറ
നേതാവ് ജനറൽ
ടി. ഡബ്ല്യൂ. റീസ്

**നാടൻ നാസികളെ നായാടിപ്പിടിക്കുക!**

**നിയമത്തിൻെറ നിശിതഹസ്തങ്ങളിൽനിന്നു അവർ രക്ഷപ്പെടാൻ പാടില്ല**

# അഭിപ്രായഗതി

(കെ. ജി. സേതുനാഥ്)

അശക്തവും, അപരിചിതവും ആണ് എന്റെ തൂലിക. യുക്തിവാദത്തിന് ഞാൻ തല്ക്കാലം സന്നദ്ധനുമല്ല.

'യുദ്ധസഞ്ചിക' യിലെ പദ്യനിർമ്മാതാക്കളെ ഉദ്ഭാവനം ചെയ്യുന്ന, ചില നേരിയ നിരൂപണങ്ങളുടെ നിഴലാട്ടങ്ങൾ കണ്ടുതുടങ്ങിയപ്പോൾ, പ്രസ്തുത പത്രത്തിലെ ഒരെളിയ ലേഖനപ്രേമിയെന്ന നിലയിൽ എന്റെ മനസ്സിലും ചില വിഭ്രമത്തിന്റെ മേഘശകലികൾ പായുവാൻ തുടങ്ങി. അതാണീലേഖനം. സരസങ്ങളോടൊപ്പം വിരസങ്ങളും, അനുകരണങ്ങളുമായ കാവ്യഖണ്ഡങ്ങളെ പരത്തിക്കാണിക്കുന്ന ഒരു "സാരമില്ലാ" പോക്കു തീർച്ചയായും യുദ്ധസഞ്ചിക അനുവർത്തിക്കയില്ലെന്ന് മററു സുഹൃദയന്മാരോടൊപ്പം ഞാനും വിശ്വസിക്കുന്നു. സാഹിത്യം ചലനാത്മകമൊ, സമരസാഹിത്യം, ജീവരക്തം തിളപ്പിക്കുന്ന ഒരു മാസ്മരശക്തിയോ, ആയിക്കൊള്ളട്ടേ. നിർവചനങ്ങളിൽ മാത്രം നിലീനമായതുകൊണ്ട് അതുകൾക്ക് നാം അഭിലഷിച്ച പരിപൂർണ്ണശക്തി ലഭിക്കുന്നില്ല. ഇക്കഴിഞ്ഞ മാർച്ച് 9-ാം തിയ്യതി പദ്യനിർമ്മാതാക്കളോടു പത്രാധിപരെഴുതിയിരുന്ന കുറിപ്പ് ഏററവും സമുചിതവും, സാരസമൃദ്ധവുമായിരുന്നു. എങ്കിലും അതിലുള്ള ഒന്നുരണ്ടു അഭിപ്രായങ്ങളോടു ഞാൻ തികച്ചും വിയോജിക്കുന്നു—എന്നു. തന്നെ പറയാം.

വീരരസപ്രധാനവും, പാരമ്പര്യങ്ങളുടെയും, പൗരുഷത്തിന്റെയും, ചുടുചോരപുരണ്ടതും, ധീരോദാത്തത തിര തല്ലുന്നതും, അഭിമാനത്തിന്റെ കടിഞ്ഞാൺ അയച്ചുകൊടുക്കുന്നതുമായ അക്ലിഷ്ട കവനങ്ങൾ, അവശനും, അന്ധനുമായ ഏതു പടയാളിയിൽപോലും കർമ്മോദ്യുക്തത കത്തിവെക്കുന്നതാണ്. ഇതൊരു സത്യമാണ്. ഈ പന്ഥാക്കളിൽനിന്ന് അണുകിട വ്യതിചലിക്കില്ലെന്ന് വിശ്വക്ഷേത്രത്തിൽവച്ച് മൂവരു സത്യം ചെയ്തുകൊണ്ടാണ് സമരസാഹിത്യസതി കേരളത്തിലും കാലുകുത്തിയത്. അല്ലാതെ കണ്ടു്, നിരങ്കുശനും ക്രാന്തദ്രഷ്ടാവുമായ കവിയെ ക്രമശഃ ക്രമശഃ റായിട്ടരുടെയോ, ഏ.പി.ഐ. യുടേയൊ പിഴപ്പുമുട്ടിക്കുന്ന മറെറാരു ന്യൂസ് ഏജൻറാക്കി രൂപാന്തരപ്പെടുത്താമെന്ന കരാറിന്മേലല്ല. ഐക്യകക്ഷികളുടെ പസിഫിക് സന്ദർശനവും, ബർമ്മയുടെ പുനരുദ്ധാരണവും ഒരു വിധത്തിൽ കവിതയാക്കിയാൽ തന്നെയും സാഹിത്യ കല്പദാരുവിന്റെ ഒരുണക്ക ചില്ലയിൽ പോലും അതുകളെ തൂക്കിയിടാൻ ആരും അനുവദിക്കുമെന്നു തോന്നുന്നില്ല. ബെർളിനിൽ എത്ര പറക്കും കോട്ടകൾ ആക്രമിച്ചെന്നും, ടോക്കിയോവിലെ കയർ ഫാക്ടറിയിൽ എത്ര പേരുടെ കണ്ണുപെട്ടിയെന്നും കവിതയിൽ കണക്കു പറയുന്നതു്: സമരഗതിക്കനുസരിച്ച് സാഹിത്യം സദാ മുന്നോട്ടുപോകുന്നു എന്ന ചാരിതാർത്ഥ്യത്തിലല്ല നമ്മെ നയിക്കുന്നതു്. ആനന്ദസന്ദായകവും, അതേ സമയംതന്നെ രണോത്സുകതയും, രഞ്ജിപ്പും അങ്കുരിപ്പിക്കുന്നതിന്നു പര്യാപ്തമാണോ കവിതയെന്നു ചിന്തിക്കുക. മുൻകാലങ്ങളിൽ ചില കവികൾ ചരമശ്ലോകം എഴുതുന്നതിൽ തന്റെ പാടവം പ്രത്യക്ഷപ്പെടുത്താറുണ്ടു്. "കൊല്ലം തൊണ്ണൂററിമൂന്നും ശിവശിവ പറയാം മാസ മഞ്ചും, കഴിഞ്ഞ്, നല്ലൊരുച്ചക്ക് പത്താം ദിവസി, രവിദിനേ, യന്തരിച്ചു....ൽ" നോക്കൂ, കവി പോയ പോക്ക്! തൊണ്ണൂററിമൂന്നാം ആണ്ടു് മകരമാസം പത്താം തിയ്യതി നല്ല ഉച്ചക്ക് അന്തരിച്ച മനുഷ്യന്റെ പേരോടുകൂടി മരണമുഹൂർത്തംകൂടി കവിതയിൽ വരുത്തിക്കളഞ്ഞു. ആ കവി അത്രയെ പുരോഗമിക്കൂ. ആണ്ടും, തീയതിയും, മാററി ചിലപ്പോൾ പേരു വിസ്മരിച്ച് വേറൊരാളുടെ ചരമത്തിനും ഇതു് ഉതകുന്ന രീതിയാണ്......!!..?

സ്വകപോലകല്പിതങ്ങളും, സ്വതന്ത്രവുമായ ഒരു പശ്ചാൽപരിസരത്തിൽനിന്നുതന്നെ ആയിരിക്കണം കവി, ലോകത്തേയും, സംഭവപരമ്പരകളേയും, വീക്ഷിക്കേണ്ടതു്. അല്ലാതെ കണ്ടു്, മഞ്ചൂറിയ പിടിച്ചതും, ചിക്കാഗോവിൽ കൂടാരമടിച്ചതും, ബർളിനിൽ അഞ്ചു വാര പുരോഗമിച്ചതും, കൊച്ചിക്കാരൻ കിട്ടൻ മേനവന്റെ ക്രാസ് മൂയേമൊന്നും എഴുതിക്കഴിഞ്ഞാൽ പോര, അതൊരു സാഹിത്യോന്മാദമാണ്. കവി സ്വയം എഴുതുന്നതുകളെ സ്വീകാര്യ കോടിയിലൊ, അസ്വീകൃതവിഭാഗത്തിലൊ, എവിടെച്ചേരുമൊ അവിടെച്ചേർക്കുക. എന്താണ് എന്റെ കവിത ചേർക്കാത്തതെന്നു ചോദിക്കാൻ കവിക്കവകാശമില്ലല്ലോ. മററുള്ളവരുടെ ആശയഗതിക്കൊത്തു പ്രവർത്തനം കൊള്ളാൻ കവി ഒരു മിക്ഷ്യനാണോ? അതൊ നാമെല്ലാം കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരോ?

ജിനൊവാ ഉൾക്കടലിലെ അമേരിക്കൻ പ്രവർത്തനത്തെക്കുറിച്ചെഴുതുന്ന കവിത, അതെഴുതുന്നതോടൊപ്പം പഴകിക്കഴിയുന്നതാണ്. പുതുമക്കും, വിജയത്തിനും വേണ്ടി നാം വെമ്പൽ കൊള്ളുകയാണ്. കരിഞ്ചന്തകളും, ചതിവുകളും, കൂടിയാട്ടങ്ങളും, അവരെ പരാമർശിക്കുന്ന കവിതകളും ഭരണരീതിക്കും, ജീവിതമേന്മക്കും അത്യാവശ്യമാണ്. എങ്കിലും അക്രമികളെയും, ചതിവുകളേയും, രഹസ്യ പ്രവർത്തനങ്ങളേയും നാം തടയണം. അതു കവിതയിൽ, സാഹിത്യത്തിൽ തന്നെ വേണമെന്നില്ലല്ലൊ? പരിജ്ഞാന പടുവും പ്രവർത്തിനിരതനുമായ പത്രാധിപർ അവകളുടേയും, ശാന്തമതികളും സഹൃദയന്മാരുമായ മററു വായനക്കാരുടേയും, അഭിലാഷങ്ങളും ആദർശങ്ങളും സ്നിഗ്ദ്ധ സുന്ദരങ്ങളും സ്വീകൃതങ്ങളുമാണ്. പക്ഷേ അതു്, ഒരു രീതിയിൽമാത്രം! എഴുതുമ്പോഴും എഴുതിയതിനേയും, കുറിച്ച് സ്വയം ഒന്നു നിരൂപിക്കുക എന്നതിൽ....

കവിയുടെ വിശാലമൊ, സങ്കുചിതമോ, ആയ ഭാവനാന്തരിക്ഷത്തിൽ തത്തുന്ന കാവ്യപതംഗങ്ങൾക്ക് ഒട്ടൊരഴകും ആനന്ദവും ഉണ്ടാക്കുകയെന്നതു് മനോധർമ്മമുള്ള ഏതൊരെഴുത്തുകാരന്റെയും കർത്തവ്യമായിരിക്കും. അതിനു മററുള്ളവരുടെ 'തിരുത്തൽ' ചായം തളിച്ചുകൊണ്ടു ചിലപ്പോൾ, അപകർഷണീയതയും, ആകർഷണീയതയും സിദ്ധിച്ചുകൂടായെന്നില്ല. കവി, സ്വതന്ത്രനാണെങ്കിൽ മിക്കവാറും അതിൽ അയാൾക്ക് ഒരു തികഞ്ഞ കുണ്ഠിതത്തിനും, മറിച്ചു അപരോപജീവിയാണെങ്കിൽ ആശ്വാസത്തിനും വഴിയുണ്ടു്. ഔചിത്യപൂർവം അർത്ഥത്തെയോ, അനുഭൂതിയേയൊ അധികരിക്കുന്ന ഒരു തിരുത്തലാണെങ്കിൽ ഒരുവേള കവിതാകർത്താവ് സഹിച്ചെന്നോ, ക്ഷമിച്ചെന്നോ വരാം. പത്രാധിപരുടേയും, അച്ചടിക്കാരുടെയും, ഫ്രൂഫ്‌വായനക്കാരന്റെയും തിരുത്തലും കഴിഞ്ഞു പത്രത്തിൽ കവിത കാണുമ്പോൾ, എന്റെ ഭഗവാനെ! കവിക്കൊരു "സ്ഥലജല ഭ്രാന്തി" യാണങ്കുരിക്കുക. പോരെ? കവിതക്കാർ പരാതിപ്പെടാതെങ്ങിനെ ഇരിക്കും? ഇവക്കെല്ലാം നല്ല നല്ല ഉദാഹരണങ്ങൾ പറയാം. പക്ഷേ ആ ഭാരം 'സഞ്ചിക' യിലെ വ്യുൽപന്നരായ വായനക്കാരുടെ ഭാവനക്ക് വിട്ടുകൊടുത്തിരിക്കുന്നു.

കവിതയുടെ പശ്ചാത്തലം ശൃംഗാരമയമാണെങ്കിൽ അതുകളെ അസാന്മാർഗ്ഗിക പരിധിയിൽ പ്രായേണ പരിഗണിച്ചു വരുന്നുണ്ടു്. അതു അസമർത്ഥമായ ഒരു മനോഗതിയാണ്. ഏതു രീതി കൈക്കൊണ്ടാലും, ഉത്തേജനാത്മകമാണൊ കവിതയെന്നും, കവിയുടെ ശ്രമം വല്ലയിടത്തും ഇടക്ക് വിശ്രമിച്ചുപോയിട്ടുണ്ടോ എന്നും പരിശോധിക്കുക. ശൃംഗാരം കവിയുടെ ഏതവസ്ഥയിലും അവിസ്മരണീയമായ ഒരു രസവിശേഷമാണ്. വൈരാഗ്യമേറിയ വൈദികനും, ഉഴറിയോടിയ ഭടനും തിരിഞ്ഞു നോക്കിപ്പോകാവുന്ന ശൃംഗാരദേവതയുടെ അപാംഗവീക്ഷണം സമരസാഹിത്യത്തിനെന്നല്ല, വെറും, 'മര' സാഹിത്യത്തിനും അനുപേക്ഷണീയമാണ്.

"നിടിലതല മതിങ്കലാന്ന പൊട്ടും
ചട്ടുലകുചങ്ങൾ പൊതിഞ്ഞ ചാരുപട്ടും
ഉടലഴകിനു തുല്യമായ മട്ടും."

മററും ആർത്തനും, അവശനും, അന്ധനുമായ ഒരു ഭടന്റെ ജീവൻ സ്ഫുരണസന്ധായകങ്ങളാണ്. ജീവിതാശാപ്രേരകങ്ങളാണ്. ഹിററ്ലറും, മുസ്സോളിനിയും, ഹിരോഹിറേറാവും, നമ്മുടെ ശത്രുതയെ, ആ ജന്മശത്രുതയെ ആർജ്ജിക്കുന്നവരാണെങ്കിലും, സമരസാഹിത്യത്തിന്റെ പേരിൽ കവിക്ക് "പോടാ മുസ്സോളിനി, പോടാ ഹെർഹിററ്ലറെ" എന്നു, ക്രോശിക്കാൻ തോന്നുന്നതു് ഒരു തരം ദർദ്ദുരധുരന്ധത്വം കൊണ്ടായിരിക്കും. എന്നാൽ മനഃപൂർവ പ്രണയഗാനങ്ങൾ യുദ്ധകാലപരിതഃസ്ഥിതിക്ക് ഒട്ടും ഒത്തവയല്ല. കൂടാതെ അനുകരണങ്ങളും, ആവർത്തനങ്ങളും അനഭിലഷണീയമായ വിധം 'യുദ്ധസഞ്ചിക'യിൽ ടിക്കററില്ലാതെ പ്രവേശിക്കുന്നതു് പത്രാധിപരുടെ വാളണ്ടിയർ ദൃഷ്ടിയുടെ ഔദാസീന്യം കൊണ്ടും, അലസതകൊണ്ടും മാത്രമാണെന്നുള്ളതിന് സംശയമില്ലല്ലൊ. രീതി തിരിഞ്ഞും മറിഞ്ഞും വീഴുന്ന, പുഴുക്കുത്തു പിടിച്ചതും, ഉപയോഗരഹിതവുമായ "മന്തൻ" കവിതകൾ കാണുമ്പോൾ സഹതപിക്കാനെ കഴിവുള്ളു.

എന്റെ ഈ കാടുകേറിയ ലേഖനത്തിന് പത്രാധിപർ എന്തു പറയുമോ എന്തോ?

[അടുത്ത ലക്കത്തിൽ നോക്കുക—യു.സ.പ.]

## ഭാവുകം ഭവിയ്ക്കാവൂ!

(കെ. പി. കെ. ഉണ്ണി, ജാലപിള്ളി.)

(കേക)

പശ്ചിമം ചുവന്നുപോ; യെന്തുവാനിതിൻമൂലം
കശ്മലർ നാസിവർഗ്ഗം വെന്തെരിഞ്ഞീടുന്നതോ!
പൂർവ്വദിങ്മുഖം ചിന്തും ചെന്തളിരൊളിയെന്തൊ;
പോർജ്ജയോൽഫുല്ലാക്കന്റെ ഭാസുരപ്രദീപ്തിയൊ!
നമ്മൾതാൻ മുന്നോട്ടുന്നുമോരോരൊ കാലിന്നോരോ
കാതമായ് പിന്നോട്ടേയ്ക്കു കാതരർ കുതിയ്ക്കുന്നു!

ഉണ്ടിരിയ്ക്കുമ്പോളുള്ളിൽ നായക്കു വിളിതോന്നീ-
പണ്ടൊരിക്ക, ലീമട്ടിൽ പെട്ടിവർ പിടയ്ക്കുന്നു!
മിന്നലിൻപിണക്കൊപ്പം പാഞ്ഞൊരാവൈരിവൃന്ദ-
മിന്നിതാ മിന്നാമിനുങ്ങെന്നപോൽ ചിന്നീടുന്നു!
പാരിതു വിഴുങ്ങാനായ്വന്നൊരാ വൈരിപാരാ-
വാരമിന്നഹോ വററിനാരകമായിക്കാൺമൂ!
ആർത്തലച്ചിരമ്പം കൊണ്ടിടിനാവൈരിവാതം
നേർത്തുനേർത്തിതാ തങ്ങളന്ത്യനിശ്വാസം കേൾപ്പൂ!
ഊററമാം ജയശംഖിന്മാറെറാലി തറയ്ക്കുന്നു-
മാററലർമ്മത്തിങ്കൽ മാരണകാണിതംപോൽ!
ആരുവാനിതിന്നെല്ലാമാണിവേരാകും വീര-
ഭാരത ഭടന്മാരേ! ഭാവുകം ഭവിയ്ക്കാവൂ!!

ചെറുകഥ

# ആയാളുടെ ആത്മകഥ

(വി. രാഘവൻ.)

യാത്രയിലായിരിക്കുമ്പോൾകൂടെയുള്ള വിവിധ ദേശപ്രതിനിധികളായ കൂട്ടുകാരുമായി സംഭാഷണത്തിൽ ഏർപ്പെട്ടാണ് ഞാൻ സമയംപോക്കുന്നതു്. ബാംബേസ്റ്റേറ്റുള്ള ഒരു മറാത്തി യുവാവുമുണ്ടു് ഞങ്ങളുടെ കൂട്ടത്തിൽ. പേരു ദിനകരൻ എന്നാണ്. വയസ്സ് ഇരുപതുണ്ടു്. സംഭാഷണമദ്ധ്യത്തിൽ അയാൾ ഞങ്ങളുടെ തുടർന്നുള്ള ചോദ്യങ്ങൾക്കുത്തരമായി ഇങ്ങനെ തുടർന്നു. "മാതൃഭാഷയിൽ പ്രാഥമികമായ—അതായതു, നമ്മുടെ നാട്ടിലെ നാലാം ക്ലാസ്സുവരെയുള്ള പഠിത്തം തീർന്നതോടെ എന്റെ വിദ്യാഭ്യാസത്തിന്നു ഒരു പൂർണ്ണവിരാമം ഇടേണ്ടതായിട്ടാണ് വന്നതു്. അച്ഛനും അമ്മയും വളരെ പരുങ്ങിയാണ് എന്നെയും വിദ്യാഭ്യാസം തുടർന്നുകൊണ്ടിരുന്ന ജ്യേഷ്ഠനേയും പോററിവന്നതു്. ജ്യേഷ്ഠൻ ഇംഗ്ലീഷു പള്ളിക്കൂടത്തിൽ ചേർന്ന്, പലരുടെയും സഹായത്തോടെ പഠിത്തം തുടർന്നു. നിത്യവൃത്തിക്കുപോലും ഞെരുങ്ങുമ്പോൾ പിന്നെ പഠിക്കുന്നതെങ്ങിനെ എന്നായി എന്റെ വിചാരം. ഞാൻ ഒരു കന്നുകാലി മേയ്പുകാരനായി. അതുമൂലം എന്റെ ആഹാരത്തിന്നുള്ളതുംപോയി മാസം രണ്ടോമൂന്നോ രൂപയാണ് കിട്ടിക്കൊണ്ടിരുന്നതു്. ആ തുക ജ്യേഷ്ഠന്റെ അന്യസഹായാന്വേഷണത്തിന്നു അല്പലാഘവം വരുത്തി.

"ഞങ്ങൾ ഇത്രത്തോളം കഷ്ടതയിൽ ആകാൻ ഇനിയൊരുകാരണം കൂടി ഈയിടെ ഉണ്ടായി. അല്പഭൂമി കുടുംബം വകയായി ഉണ്ടായിരുന്നതു ഒരു ബന്ധുവിനെ അത്യാഹിതത്തിൽ സഹായിച്ചതുമൂലം നഷ്ടപ്പെട്ടു. ഞങ്ങളുടെ ഗതി അധോഗതിയായി. കൂനിൽക്കുരുവെന്നപോലെ പിതാവും ഇഹലോകവാസം വെടിഞ്ഞു. നിസ്സഹായയായ മാതാവും നിരാധാരരായ ജ്യേഷ്ഠനും ഞാനും പട്ടിണിയോടു മല്ലിടുന്നതിനായി ശേഷിച്ചു. അമ്മ പണിയെടുത്തു ഞങ്ങളെ തീററിപ്പോററി. ഞാൻ ഇടയച്ചെറുക്കന്റെ ഉദ്യോഗത്തിൽ ഏർപ്പെട്ടു ജ്യേഷ്ഠന്റെ വീട്ടുതോറുമുള്ള ഇറങ്ങിക്കയറലിന്നു അല്പാശ്വാസം കൊടുത്തുവന്നു.

ജ്യേഷ്ഠൻ പഠിത്തത്തിൽ വളരെ ഊർജ്ജിതം കാട്ടിയിരുന്നതുകൊണ്ടു സഹായം സന്മനസ്സോടെ ഒഴുകി നിർബ്ബാധം വന്നുകൊണ്ടിരുന്നു. നിവൃത്തിയുള്ളവരുടെ അടുത്തുചെന്ന് വിനീതമായി പരമാർത്ഥം ഗ്രഹിപ്പിച്ചു ഫീസ്സിനും പുസ്തകങ്ങൾ വാങ്ങുന്നതിന്നും മററുചില്ലറ ആവശ്യങ്ങൾക്കും, ചിലപ്പോൾ ശാപ്പാടിന്നും കൂടി പണം ശേഖരിച്ചാണ് ജ്യേഷ്ഠൻ ദിനങ്ങൾ പോക്കിയതു്. ഹൈസ്കൂൾ പഠിത്തത്തിന്ന സ്ഥലം വിട്ടപ്പോൾ സകല സംഗതികളും സ്വന്തം അന്വേഷിക്കേണ്ടതായിവന്നു. ആവശ്യാനുസരണം സഹായങ്ങൾ ജ്യേഷ്ഠന്നു ലഭിച്ചുകൊണ്ടേയിരുന്നു. ആയതുകൊണ്ടു തലവിധിയെ പഴി പറഞ്ഞുനാക്കു കുഴപ്പിക്കേണ്ട ആവശ്യം ഞങ്ങൾക്കാർക്കും ഉണ്ടായതെയില്ല.

പ്രായക്കൂടുതൽ കൊണ്ടും മററുപ്രാരബ്ധങ്ങളുടെ ഞെക്കലുകൾ ഏററും അമ്മയുടെ തന്റേടം കുറഞ്ഞുതുടങ്ങിയതോടെ അവരുടെ കാര്യത്തിലും എന്റെ ശ്രദ്ധ പതിയേണ്ടിവന്നു. ആടുമാടുകളെ മേയ്ക്കുന്നതിലുള്ള ഉത്സാഹം കൊണ്ടും എഴുത്തുപഠിപ്പുമായുള്ള ബന്ധം കൈവെടിയാനിട വന്നതിലുള്ള ആശ്വാസത്താലും വളരെ സംതൃപ്തനായി കന്നുകാലികളുടെ പിന്നാലെ ഉഴക്കോലും വീശി പുൽപാടങ്ങളിലും കുന്നിൻപുറങ്ങളിലും ഞാൻ വിഹരിച്ചു. കൊല്ലം ഒന്നു അങ്ങു കഴിഞ്ഞതു അറിഞ്ഞതെയില്ല. വൈക്കേഷൻ ആയതോടെ ഇംഗ്ലീഷു പഠിക്കാൻ വെളിയിൽ പോയിരുന്ന എന്റെ പഴയ സഹവിദ്യാർത്ഥികൾ വീടുകളിൽ തിരിയെവന്നു. ഇടയച്ചെറുക്കനായ എന്നേയും അവരുടെ അന്വേഷണത്തിൽപ്പെടുത്താതിരുന്നില്ല."

"'ഇപ്പണികൊണ്ടു തൃപ്തിപ്പെടാനോ ഉദ്ദേശം, പിന്നെന്തിനാ കഴിഞ്ഞ നാലു കൊല്ലക്കാലം പള്ളിക്കൂടത്തിൽ കിടന്നു തലകളഞ്ഞു കാണാപാഠം പഠിച്ചതു്?' എന്നു ചോദിച്ചുംകൊണ്ടാണ് എന്റെ ഒരു പ്രധാന കൂട്ടുകാരൻ അന്നൊരു ദിവസം രാവിലെ എന്നെ അടുത്തതു്. ഞാൻ എന്റെ വിഷമതകളെയെല്ലാം അവനെ മനസ്സിലാക്കി. പരമാർത്ഥത്തിൽ പഠിക്കാനുള്ള അത്യാഗ്രഹത്തെ മറച്ചുവയ്ക്കാൻ എനിക്കു സാധ്യമായില്ല. ആശിക്കാൻ അവകാശമില്ല എന്നു വിശ്വസിച്ചു ഞാൻ ഉള്ള പരമാർത്ഥത്തെ ഒളിച്ചുവച്ചില്ല. അത്തരം ഒരിക്കൽ ഒരു വിധം ദീനതവും ആണെല്ലോ.

"അവധി കഴിഞ്ഞുപോകുമ്പോൾ നിന്നെക്കൂടെ ഞാൻ ബറോഡായ്ക്കുകൊണ്ടുപോകാം. അവിടെ വിദ്യാർത്ഥികൾക്കു വേണ്ട പ്രോത്സാഹനം ലഭിക്കുന്നുണ്ടു്. ഫീസു വേണ്ട പുസ്തകങ്ങളും മററും തന്നു സഹായിക്കാനും താമസത്തിന്നും ആഹാരാദി മററു കാര്യങ്ങൾക്കും വേണ്ട ഏർപ്പാടു ചെയ്തുതരാനും സമാജങ്ങൾ ഉണ്ടു്." ഇങ്ങനെ സംഭാഷണമദ്ധ്യത്തിൽ തുടർന്നു എന്റെ അയൽവാസിയായ ആ സ്നേഹിതൻ. ഞാൻ തന്നെ ഒന്നു പരുങ്ങി. അമ്മയെ തനിച്ചാക്കീട്ടു വീടുവിടുന്നതു ഒന്നാമത്തെ വിഷമം. ജ്യേഷ്ഠനെ സഹായിക്കാൻ വഴിയില്ലാതെ വന്നുപോവുമെന്നതു മറെറാന്നു. ഇങ്ങിനെ വിഷമങ്ങൾ ഓരോന്നായി മനസ്സിനെ മഥിച്ചു തുടങ്ങി. അതേ സമയം മറുവശത്തു പഠിക്കണം കൂട്ടുകാർക്കു ഒപ്പം തലയുയർത്തി നടക്കണം എന്നീ ആനുകൂല്യസൂചകമായ ചിന്തകളും പതിഞ്ഞുകൊണ്ടിരുന്നു. വിദ്യാഭ്യാസം ഭാവിജീവിതത്തിന്നു വേണ്ട ഉണർവു തരത്തക്കവണ്ണം ഉപയോഗപ്രദമാവുമെന്നുള്ള പ്രധാനകാര്യം ഞാൻ അന്നു സ്വപ്നത്തിൽ പോലും അറിഞ്ഞിരുന്നതെയില്ല.

"പള്ളിക്കൂടം തുറന്നതോടെ ഒരു ദിവസം കൂട്ടുകാരന്റെ ചിലവിൽ ഞാൻ ബറോഡയ്ക്കു വണ്ടി കയറി. അമ്മയും സമാധാനത്തോടെ ആശീർവ്വാദം തരുക തന്നെ ചെയ്തു, ഞാൻ കാര്യകാരണസഹിതം എന്റെ നിശ്ചയത്തെ അവരെ അറിയിച്ചപ്പോൾ. ബറോഡയിൽ എത്തി സമാജാധികാരികളെ കണ്ടു എന്റെ സങ്കടങ്ങളെ ഞാൻ അറിയിച്ചു. അവരുടെ അതിഥിയായി ഞാൻ പഠിത്തം തുടരുകയും ചെയ്തു.

"ക്രിക്കററുകളിയിലും ഹാക്കികളിയിലും ഞാൻ പങ്കെടുത്തു തുടങ്ങി. അദ്ധ്യാപകന്മാർ കളിയിൽ ഏർപ്പെട്ടപ്പോൾ 'ഔട്ടുബാൾ' പെറുക്കി തിരിച്ചെത്തിക്കുന്ന പണിയിൽ ഞാൻ ഏർപ്പെട്ടു. അതിനോടുകൂടി ചില കുട്ടികളെ മറാത്തിഭാഷ പഠിപ്പിക്കുന്നതിലും ഏർപ്പെട്ടു ചില്ലറ വരവുകൾ ഞാൻ ഉണ്ടാക്കിവന്നു. ഈ തുകകളെല്ലാം ജ്യേഷ്ഠന്റെയും അമ്മയുടെയും ആവശ്യങ്ങളെ നിറവേററുന്നതിന്നായി അയച്ചുകൊടുത്തു സമാശ്വസിപ്പിച്ചും വന്നിരുന്നു. നിരന്തരമായ പ്രയത്നംകൊണ്ടു മേൽപറഞ്ഞ കളികളിൽ അനിതരസാധാരണമായ വൈദഗ്ദ്ധ്യം ഞാൻ സമ്പാദിച്ചു. എനിക്കു സ്നേഹിതന്മാർ എണ്ണത്തിൽ ക്രമേണ വർദ്ധിച്ചും പള്ളിക്കൂടത്തിൽ എല്ലാവർക്കും എന്നോടു പ്രത്യേക അനുകമ്പയും ആത്മാർത്ഥതയും ഉണ്ടെന്നു പ്രത്യക്ഷമാകത്തക്കവണ്ണം പല സംഭവങ്ങളും ഉണ്ടായിട്ടുണ്ടു്. എന്റെ ദിനങ്ങൾ വളരെ ലാഘവമായും സുന്ദരമായും പുലർന്നുകൊണ്ടേയിരുന്നു. ഞാൻ ഒരിരപ്പാളി ആണെന്നുള്ള ബോധം തന്നെ എന്നിൽ നിന്നും വിട്ടു. എല്ലാ പേരുടെയും കണ്ണിലുണ്ണിയായി എല്ലായിടത്തും നിർബാധം തലയിട്ടു ദിനചര്യകളുടെ മേന്മത്വം ഞാൻ കൂട്ടിവന്നു.

മിഡിൽ സ്കൂൾ ജീവിതം അങ്ങിനെ സുന്ദരമായ അന്തരീക്ഷത്തിൽ അങ്ങു കടന്നുപോയി. ഹൈസ്കൂളിലേക്കു പോകാനുള്ള തന്റെ അവകാശം അസ്ഥിരപ്പെടുത്തി ഒരു ഗവമ്മേണ്ടുത്തരവുണ്ടായി. വേറൊന്നുമല്ല അതു്. ഫീസ്സ് സൌജന്യങ്ങളും മററുവിധ വിവിധ സഹായങ്ങളും അതുകൾ കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്ന വശങ്ങളിലൂടെ പഠിക്കുന്നില്ല എന്ന പരിപൂർണ്ണബോധം അധികാരികളെ അല്പം കൂടി കർശനമായിരിക്കേണ്ടതാണെന്നു പഠിപ്പിച്ചു. ഏതുവിധം ആണ് ആ തിരുമാനം എന്നെ ബാധിപ്പിച്ചതെന്നു ഒന്നാലോചിപ്പിൻ. ചുരുക്കം ചിലരുടെ ദുഷ്കൃത്യഫലം പരക്കെയുള്ള മഹാന്മാക്കൊക്കെ ആട്ടും!! എന്റെ കാര്യത്തിലോ, തട്ടിയതു ഇടിത്തീപോലെയാണെന്നു ഞാൻ പറയട്ടെ. പഴയ ആടു മേയ്പ്പും മററും എന്റെ ഓർമ്മയിൽ വന്നു. പഠിത്തം നിറുത്തി തിരിയെപ്പോകാമെന്നു തന്നെ ഞാൻ തീരുമാനിച്ചു.

"പരിതസ്ഥിതികളുടെ പെട്ടെന്നുള്ള ഭ്രമണം കൊണ്ടു അവിചാരിതമായി ചില തോന്നലുകൾ മനസ്സിൽ ഉത്ഭവിക്കാറുണ്ടു്. ഉദയത്തിൽ ശിശുവും ശീതളത്വം നിറഞ്ഞ വെറും അപ്രധാനത്വവും, ചിലപ്പോൾ അർത്ഥമില്ലാത്ത മിഥ്യ എന്ന സർട്ടിഫിക്കററിന്നു ഇരയാകുന്നതും ആയ ആ വെറും തോന്നൽ ക്രമേണ വളർന്നു് ഭാവിയിൽ ഉണ്ടാകുന്ന കുണ്ടാമണ്ടികൾ ചില്ലറയൊന്നുമല്ല. ധനശേഷിയാൽ പരുങ്ങലുകൾ കണികണ്ടിട്ടില്ലാത്ത എന്റെ മറെറാരു ബറോഡാകാരൻ സ്നേഹിതൻ ഒരു പ്ലാൻ കണ്ടുപിടിച്ചു. ഞങ്ങൾ തങ്ങളിലുള്ള പരിചയം കളിയിൽ ഉള്ള എന്റെ പ്രത്യേകതകൊണ്ടുത്ഭവിച്ചു വളർന്നു വന്നതാണ്. ഞങ്ങളുടെ ക്യാപ്ററൻ ആയിരുന്നു അയാൾ. ടീമിൽനിന്നും ഉള്ള എന്റെ അഭാവം ഒരു വലിയ നഷ്ടമായിരിക്കും. മററംഗങ്ങൾക്ക് എന്നു അവർ മുക്തകണ്ഠം അഭിപ്രായപ്പെട്ടു. അതു കേപ്ററനെ ഒന്നിളക്കി. ഞങ്ങളുടെ ടീം കഴിഞ്ഞ എല്ലാകൊല്ലങ്ങളിലും 'ചാമ്പിയൻഷിപ്പ്' വാങ്ങിക്കൊണ്ടിരുന്നു. അതിൽ എനിക്ക് അപ്രധാനമല്ലാത്ത ഒരു പങ്കുണ്ടായിരുന്നുവെന്നാണ് അവരുടെയെല്ലാം അഭിപ്രായം. ഇത്തരത്തിലുള്ള പരിതസ്ഥിതി ക്യാപ്ററനെ ഒരു തോന്നലിന്നു് ഇരയാക്കി, കളികഴിഞ്ഞു് കൂട്ടമായുള്ള സംഭാഷണവും തീർത്തു സന്ധ്യയോടെ കളിസ്ഥലത്തുനിന്നും മടങ്ങുകയായിരുന്നു ഞങ്ങൾ. 'എടോ, ചങ്ങാതി, താൻകൂടി എന്നോടു വീട്ടിലേക്കു വരൂ,' ക്യാപ്ററൻ എന്നോടു സഗൌരവം പറഞ്ഞു. പതിവില്ലാത്ത ഈ ക്ഷണം, എന്റെ ജീവിതദശയിലെ, ഒരു വലിയ വിശിഷ്ടാദ്ധ്യായത്തെ തുറപ്പിക്കാനാണെന്നു ആരു കണ്ടു! അയാൾ തുടർന്നു പറഞ്ഞു, വീട്ടിൽ അടുത്തതോടെ, 'ഞാൻ അച്ഛനെ പരിചയപ്പെടുത്തിത്തരാം. അമ്മയും അടുക്കൽ കാണാതിരിക്കയില്ല. അപ്പോൾ നിന്റെ താൽക്കാലിക ബുദ്ധിമുട്ടുകളേയും അനുബന്ധിച്ച സകല സങ്കടങ്ങളേയും പരുങ്ങലുകളേയും ഇപ്പോൾ ഉണ്ടായിരിക്കുന്ന ഗതിമുട്ടലിനേയും അവരെ നേരെ തുറന്നു പറഞ്ഞു കേൾപ്പിക്കണം. അങ്ങിനെ ചെയ്യുന്നതിൽ വല്ല ഗുണവും ഉണ്ടാകാതിരിക്കയില്ല. അതു നമ്മുടെ ടീമിന്റെ ഭാവിയെ രൂപീകരിക്കുന്ന ഒന്നായിരിക്കുമെന്നു എനിക്കുത്തമബോധമുണ്ടു്. എന്താ അങ്ങിനെ ചെയ്യുകൂടെ?' ഞാൻ നന്നെ പരുങ്ങി. ചിന്താഗ്രസ്ഥനായി ഏറെ നേരം നിന്നു പണ്ടത്തെപ്പോലെ അല്ല ഇപ്പോൾ. പ്രായംകൂടുംതോറു, അഭിമാനം എന്നൊന്നു കൂടി നമ്മുടെ നിഴൽപ്പററിവളരുന്നുണ്ടു് എന്നു ഞാൻ അറിഞ്ഞിരുന്നു. അതായിരിക്കും എന്നിൽ അറപ്പുണ്ടാക്കിയതു്. പരമാർത്ഥത്തെ മറക്കുന്ന അഭിമാനം ദുരഭിമാനമല്ലേ? അത്തരം ദുരഭിമാനത്തിന്നു് ഞാൻ വശംവദനാകയോ? എന്നൊക്കെ ഓളങ്ങൾ ഒന്നൊന്നായി ഇളകി കയറിമറിഞ്ഞുകൊണ്ടിരുന്നു എന്റെ അന്തരംഗത്തിൽ.

"ആലോചന എന്നെ വളരെ ദൂരം കൊണ്ടുപോയി. വിദ്യാലയജീവിതം, സഹവിദ്യാർത്ഥികളുമായുള്ള കൂട്ടുകെട്ടു, കളികളിൽ ഉള്ള താല്പര്യം, അവസാനമായി ടീം ക്യാപ്ററന്റെ യുക്തിയുക്തവും അവസരോചിതവും അനുകമ്പാദ്യോതകവുമായ തീരുമാനം, ഇതുകളെയെല്ലാം പ്രത്യേകം പ്രത്യേകമായും ഒടുവിൽ ഒന്നിച്ചു

ചേർത്തും മഥിച്ചുനോക്കി. കലങ്ങി മറിഞ്ഞുകൊണ്ടിരുന്ന ആ കൂട്ട ചേഷ്ടിൽനിന്നും തെളിഞ്ഞു വന്ന അമൃത് എനിക്കുണർവുതന്നു. ഞാൻ മുന്നോട്ടുപോയി. ദുരഭിമാനത്തെ ദൂരത്തെറിഞ്ഞു സവിനയം ആ നിർദ്ദേശത്തെ ശിരസാവഹിച്ചു പരമാർത്ഥത്തെ തുറന്നു പറയാമെന്നു സമ്മതിച്ചു. ഞങ്ങൾ രണ്ടു പേരും മുന്നോട്ടു നടന്നു വീട്ടിൽ കയറി.

പിതാവിന്റെ അടുക്കലാണ് അയാൾ എന്നെ കൂട്ടിക്കൊണ്ടുചെന്നത്. അസാധാരണമായ എന്റെ ആവിർഭാവംകണ്ട് അയാളുടെ മാതാവും പ്രത്യക്ഷമായി. എന്നെ അവർക്കു പരിചയപ്പെടുത്തിയത് "പള്ളിക്കൂടത്തിൽ കളികളിൽ ഒന്നാമൻ" എന്ന ബിരുദത്തെ വിളമ്പൽ ആയിരുന്നു. അതോടെ അവരുടെ ആസക്തി അധികമായിത്തുടങ്ങി. എന്റെ വീട്ടുകാര്യങ്ങളെക്കുറിച്ചും മാതാപിതാക്കളെക്കുറിച്ചും അവർക്ക് അറിഞ്ഞേതീരു. ഞാൻ പഴംകഥ തുടർന്നു. അവർ സശ്രദ്ധം അതിനെ കേട്ടു. അവർക്കു മനസ്സലിവുണ്ടായി. കണ്ണുകൾ നിറഞ്ഞുതുടങ്ങി. ആ പ്രായംചെന്ന സ്ത്രീയുടെ നയനങ്ങളിൽനിന്നും നീർ മണിമണിയായി വസ്ത്രങ്ങളിൽ വീണു തുടങ്ങി. ഞാൻ അതു കണ്ടു. എന്റെ മുഖവും അല്പം വാടിയിരിക്കണം.

"കുട്ടീ നീ ഒന്നുകൊണ്ടും നിരാശക്കധീനനാകേണ്ട. അടുത്തുള്ള അഞ്ചാറു ഗൃഹസ്ഥഗൃഹങ്ങളെ സമീപിച്ചു ആഴ്ചതോറും ഓരോ ദിവസത്തെ ഭക്ഷണത്തിന്നു ഏർപ്പാടു ചെയ്യുക. ഒരു ദിവസത്തേതു ഞങ്ങൾ ഇവിടെനിന്നും തരാം. താമസത്തിന്നും മററും നിനക്കു ഇവിടെ വേണ്ട സൌകര്യം തരാം. ഫീസും പുസ്തകങ്ങളും സമ്പാദിക്കുന്നതിന്നു സമാജങ്ങളേയും മററും അടുത്തു വേണ്ടതു നീ ചെയ്യണം. അതിൽ നീ വിജയിയാകുന്നില്ലെങ്കിൽ എല്ലാം ഇവിടംകൊണ്ടു നിറവേററാം. നീ ഉത്സാഹമായി പഠിത്തംതുടരുകതന്നെ വേണം. ആശ കൈവെടിയരുത്. ദൈവം നിന്നെ സഹായിക്കും."

എത്ര കുളിർമ്മയേറിയ ആശ്വാസം! സ്ത്രീചിത്തം ഇത്രത്തോളം കനിഞ്ഞു പരിശുദ്ധമായി കാണുക വളരെ വിരളമെന്ന് ഒരു പഴച്ചിൽ ഉണ്ട്. ഞാൻ പഠിത്തം തുടരാൻതന്നെ ഉറച്ചു. വീട്ടുതോറുമുള്ള ഇറങ്ങിക്കയറൽ, അതും എച്ചിൽ ഇലക്കുവേണ്ടിയുള്ള പിച്ചയെടുപ്പ്, അതിലും കഷ്ടം സഹപാഠികളുടെ വീടുകളിൽ ആഹാരം ലഭിക്കുന്നതിന്ന് അനാഥനെന്ന പട്ടംകെട്ടിയ എന്റെ എത്തിനോക്കു, സഹപാഠികളുടെ കൂട്ടത്തിൽ ആൺകുട്ടികൾ മാത്രമല്ല, പെൺകുട്ടികളും ഇവരുടെ മുമ്പിൽ എങ്ങിനെയാണ് ഈ വേഷം കെട്ടി ചാടേണ്ടതു് എന്നായി എന്റെ ആലോചന.

പഠിത്തത്തിന്റെ പ്രധാന്യതക്കതീതമായി; കളികളിൽ ഉള്ള ഔത്സുക്യവും കൂട്ടുകെട്ടിന്റെ മുറുക്കവും എന്നെ ഉന്തിത്തള്ളി മുന്നോട്ടുവിട്ടു. ഞാൻ അവരുടെ നിർദ്ദേശകത്തിൻപ്രകാരം ആറു വീടുകളെ അഭയം പ്രാപിച്ചു ആഴ്ചതോറും ഓരോ ദിവസത്തെ ആഹാരത്തിന് ഏർപ്പാടുചെയ്തു. ഏഴാം ദിവസത്തേതു് ഈ വീട്ടിലും കിട്ടി. വീണ്ടും പഠിത്തം തുടർന്നു. എന്റെ ദിനങ്ങൾ നിരാശാഗർത്തത്തിൽനിന്നും ക്രമേണപൊന്തി പുലർന്നു തുടങ്ങി. എന്റെ മങ്ങിയിരുണ്ട മുഖത്തെ സംതൃപ്തിയുടെ തുടുതുടുപ്പോലെയുള്ള പ്രസരിപ്പു പ്രോജ്ജ്വലിപ്പിച്ചു തുടങ്ങി. പ്രോത്സാഹജനകമായ പെരുമാററങ്ങൾ എല്ലായിടത്തും എല്ലാററിലും എനിക്കു വേണ്ടി റിസർവു ചെയ്തിരുന്നതായി എനിക്കനുഭവപ്പെട്ടു. പഴയതു പോലെ മത്സരക്കളികളിൽ എല്ലാം ഞങ്ങളുടെ ടീം വിജയം കൈവരുത്തി. അദ്ധ്യാപകർക്കും അദ്ധ്യേതാക്കൾക്കും ഒരുപോലെ അഭിനന്ദനം ഞങ്ങളുടെ മേൽ ചൊരിയേണ്ടിവന്നു; അവർ അതു തന്മയത്വമായി നിറവേററിയതുമൂലം ഞങ്ങൾക്കു പ്രത്യേക ഒരുണർവുണ്ടായി. അതു ചിലപ്പോൾ അതിരുകവിഞ്ഞിരുന്നുവെന്നും എനിക്കനുഭവപ്പെട്ടിട്ടുണ്ട്. പാഠ്യവിഷയങ്ങളിൽ ഞാൻ കാട്ടിയ ഉദാസീനതകളും സ്കൂൾ ചട്ടങ്ങളെ വിഗണിച്ചു ചിലപ്പോൾ ചെയ്തുപോയിട്ടുള്ള കുത്സിത നടപടികളും അധികൃതരുടെ കണ്ണുകളിൽപ്പെട്ടിട്ടും പെടാത്ത സന്ദർഭങ്ങൾ അനവധി ഇപ്പോഴും എന്റെ സ്മൃതിപഥത്തിൽ ഉണ്ട്. അത്തരം പ്രോത്സാഹനങ്ങളെ എന്നാൽ കഴിയുംവണ്ണം ഉപയോഗപ്രദമായിത്തന്നെ ഉപയോഗിക്കാൻ ഞാൻ അത്യദ്ധ്വാനം ചെയ്തിരുന്നു. ആണ്ടുതോറുമുള്ള മത്സരക്കളികളിൽ ഞങ്ങൾ സജീവമായി പങ്കെടുത്തു സധീരം പൊരുതി പൂർണ്ണ വിജയങ്ങൾ കരസ്ഥമാക്കി വന്നു. ഉണ്ട ചോറിനുചിതം കാട്ടേണ്ടതു മനുജധർമ്മം എന്നതിനെ ഞങ്ങൾ പ്രവൃത്തിയിൽ വരുത്തി, ഞങ്ങൾ ഓരോരുത്തരും കൃതാർത്ഥരായി.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ അന്ത്യഘട്ടമായി. "ദിനകരൻ," ഹെഡ്മാസ്റ്റർ ഒരു ദിവസം എന്നെ ആളയച്ചു വിളിപ്പിച്ചു പറയാൻ തുടങ്ങി, "നീ കളികളിൽ അദ്വിതീയൻ എന്നതു നിസ്തർക്കം തന്നെ. അതിൽ ഞങ്ങൾക്കേവർക്കും അതീവ ചാരിതാർത്ഥ്യമുണ്ട്. അതുപോലെ പഠിത്തത്തിൽ എന്തുകൊണ്ടു ശ്രദ്ധിക്കുന്നില്ല." ഞാനൊന്നമ്പരന്നു. എന്റെ ബലഹീനത എന്റെ മുമ്പിൽ ഉണ്മാക്കിവേഷം കെട്ടിപ്പാടി. പാഠ്യവിഷയത്തിൽ ഞാൻ പിന്നോക്കം പോയിക്കൊണ്ടിരുന്നതു പരമാർത്ഥമായിരുന്നു. കളികളിൽ കാട്ടിയ അതിരുകവിഞ്ഞ ആസക്തിയായിരുന്നു അതിന്നു കാരണം. എന്തിനു ആ അത്യാസക്തി അവസാനത്തെ പബ്ളിക്കു പരീക്ഷയിൽ തോൽവിയെ വരിക്കുന്നതിനാണ് എന്നെ ഇടയാക്കിയതു്. ആകെയുള്ള സംഭവബഹുലമായ വിദ്യാലയ ജീവിതത്തിന്നിടയിൽ ആദ്യവും അവസാനവുമായ ഒററത്തോൽവിയായിരുന്നു അതു്. അദ്ധ്യാപകർക്കും, അദ്ധ്യേതാക്കൾക്കും, സഹായങ്ങൾ നൽകി പോററിപ്പുലർത്തിവന്ന മററു വേണ്ടപ്പെട്ടവർക്കും എന്നിൽ ഉള്ള അതിരുകവിഞ്ഞ കരുണകൊണ്ടും സുമംഗളമായിക്കഴിഞ്ഞിരുന്ന ദിനചര്യകളുടെ മധുരിമകൊണ്ടും ആ ആദ്യ തോൽവിക്കു എന്നിൽ വലിയ കോളിളക്കം ഉണ്ടാക്കാൻ കഴിഞ്ഞില്ല. പക്ഷെ അടിയുറച്ചു കൂടെവളർന്നുവന്നിരുന്ന ആത്മാഭിമാനത്തെ തുളച്ചു തകർക്കാൻ അതു ഒരൊന്നാംതരം കൂരമ്പായിത്തീർന്നിരുന്നു. മററുള്ളവരുടെ സകല കഴിവുകളിൽനിന്നും നിർദ്ദേശങ്ങളിൽനിന്നും ഉപദേശങ്ങളിൽനിന്നും എന്റെ അഭിമാനം എന്നെവിമുക്തനാക്കി. ഞാൻ ബറോഡ വിട്ടു. റിക്രൂട്ടിംഗ് ആഫീസായിരുന്നു എനിക്കു തണൽ നൽകിയ, മുറിവേററ അഭിമാനത്തെ കുത്തിക്കെട്ടി ശിശ്രൂഷിക്കുന്നതിന്നിടം നൽകിയ, രക്ഷാകേന്ദ്രം. ഞാൻ പട്ടാളത്തിൽ ചേർന്നു, വഴിയെ ഒരിൻഡ്യൻ ഭടനായി മാറുകയും ചെയ്തു."

## പരാക്രമശാലികൾക്കു പണസഹായം

### മദിരാശി ഗവർമ്മേണ്ടിന്റെ ഉത്തരവ്

മദ്രാസ് സംസ്ഥാനത്തിൽ പാർത്തുവരുന്നവരായ ഭടന്മാർ, വൈമാനികന്മാർ, നാവികയോദ്ധാക്കൾ, ഇവർ ചെയ്തു പടക്കളത്തിൽ പ്രദർശിപ്പിച്ച പരാക്രമംമൂലം ബഹുമതികൾ അർഹരായി വരുന്നപക്ഷം അവർക്ക് പണ സഹായം ചെയ്യുന്നതിന്നു 1945 മാർച്ച് 29-ാം തിയ്യതി പുറപ്പെടുവിച്ച ഒരു ഉത്തരവ് പ്രകാരം തീരുമാനിച്ചിരിക്കുന്നു.

1. പോർക്കളത്തിലെ ധീരകൃത്യങ്ങൾക്ക് വേണ്ടി ബഹുമതി നേടിയവർക്ക് ഉടൻ തന്നെ ധനസഹായം ചെയ്യപ്പെടും. മരണാനന്തരമാണ് ബഹുമതി നൽകപ്പെട്ടതെങ്കിൽ പരേതന്റെ അവകാശിക്കു ഈ ഗ്രാൻറ് കിട്ടും. ഗവർമ്മേണ്ട് ഈ ഗ്രാൻറ് അനുവദിച്ചഉടൻ തന്നെ, ഭടന്റെ ജില്ലയിലെ കലക്ടർ ആ തുകക്കുള്ള പോസ്റ്റ് ആഫീസ് നേഷണൽ സേവിങ്ങ്സ് സർട്ടിഫിക്കററു വാങ്ങി, ആയാളുടെപേരിൽ, ആയാൾ മടങ്ങി വരുംവരെ കൈവശം വെക്കുകയും ചെയ്യും. അതിന്നുമുമ്പു ഗ്രാൻറു നൽകപ്പെട്ട ഭടൻ മൃതനാവുകയാണെങ്കിൽ, സർട്ടിഫിക്കററു പണമാക്കി ആയാളുടെ അനന്തരാവകാശിക്കു കഴിയുന്നത്രവേഗത്തിൽ കൊടുക്കുന്നതാണ്.

2. ഇന്ത്യക്കാർക്കും, ആംഗ്ലോ-ഇന്ത്യക്കാർക്കും, മദ്രാസ് സംസ്ഥാനത്തിൽ പാർപ്പുറപ്പിച്ച യൂറോപ്യന്മാർക്കും ഗ്രാൻറു നൽകപ്പെടുന്നതാണ്.

3. ഈ മൂന്നു സേവനങ്ങളിലുമുള്ള എല്ലാ റാങ്കുകളും ഈ ഗ്രാൻറിന്നു അർഹരാണ്.

4. ഗ്രാൻറു നൽകുന്നതിന്റെ തോത് താഴെ പറയും വിധമാണ്:—

| ബഹുമതി. | ഗ്രാൻറിന്റെ തുക. |
| --- | --- |
| (1) വിക്ടോറിയ ക്രോസ് | ഓരോന്നിന്ന് 7,500 ക. |
| ജോർജ്ജ് ക്രോസ് | ടി. 7,500 ക. |
| (2) ഡിസ്റ്റിംഗ്വിഷ്ഡ് സേർവീസ് ഓർഡർ<br>ഇന്ത്യൻ ഓർഡർ ഓഫ് മെറിററ്.<br>ഇന്ത്യൻ ഡിസ്റ്റിംഗ്വിഷ്ഡ് സേർവീസ് മെഡൽ.<br>കോൺസ്പിക്കസ് ഗാലൻട്രി മെഡൽ<br>ജോർജ്ജ് മെഡൽ, മിലിട്ടറി ക്രോസ്,<br>മിലിട്ടറി മെഡൽ. | ഓരോന്നിന്ന് 5,000 ക. |
| (3) ഡിസ്റ്റിംഗ്വിഷ്ഡ് സേർവീസ് ക്രോസ്<br>ഡിസ്റ്റിംഗ്വിഷ്ഡ് സേർവീസ് മെഡൽ.<br>ഡിസ്റ്റിംഗ്വിഷ്ഡ് ഫ്ലൈയിങ്ങ് ക്രോസ്<br>ഡിസ്റ്റിംഗ്വിഷ്ഡ് ഫ്ലൈയിങ്ങ് മെഡൽ | ഓരോന്നിന്ന് 2,500 ക. |



PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.